I ഇ.ബി. XII-കേരള നിയമസഭ /IV-2

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 മാർച്ച് 5, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## റഫറൻസ്

മി. സ്പീക്കർ: തട്ടേക്കാട് പക്ഷി സങ്കേതത്തിനടുത്തുള്ള ഭൂതത്താൻകെട്ട് ഡാം റിസർവോയറിൽ വിനോദയാത്രയ്ക്ക് പോയ അങ്കമാലി ഇളവൂർ സെന്റ് ആന്റണീസ് യു.പി. സ്ക്കൂളിലെ പതിനഞ്ച് വിദ്യാർത്ഥികളും മൂന്ന് അദ്ധ്യാപകരും 2007 ഫെബ്രുവരി 20–ാം തീയതി ബോട്ട് മറിഞ്ഞ് ദാരുണമായി മരിച്ച സംഭവം നമ്മുടെ നാടിനെയാകെ ദു:ഖത്തിലാഴ്ത്തുകയുണ്ടായി. ദുരന്ത സമയത്ത് നാട്ടുകാരും സന്നദ്ധ സംഘടനകളും ജനപ്രതിനിധികളും സർക്കാർ സംവിധാനവും ഒരുമനസ്സോടെ രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകിയത് ഏറെ ശ്ലാഘനീയമാണ്. ഇതുപോലെയുള്ള ദാരുണമായ അപകടങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള നിയമങ്ങൾ കർശനമാക്കുന്നതിനും പുതിയ നിയമങ്ങൾ ആവശ്യമാണെങ്കിൽ അവ നിർമ്മിക്കുന്നതിനും

സജ്ജരാകണം. അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്ക് ചേരുന്നതോടൊപ്പം ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ ഓർമ്മയ്ക്ക് മുൻപിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഒരു മിനിട്ട് മൗനമാചരിക്കാം.

(ദുരന്തത്തിൽ മരണമടഞ്ഞവരോടുള്ള ആദരസൂചകമായി സഭ ഒന്നടങ്കം എഴുന്നേറ്റുനിന്ന് അൽപ്പസമയം മൗനമാചരിച്ചു.)

## അടിയന്തിരപ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

മി. സ്പീക്കർ: നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവു മൂലം കേരളത്തിലെ ജനജീവിതം ദുഷ്ക്കരമായിത്തീർന്നതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): നിത്യോപയോഗ സാധനങ്ങൾക്ക് അതീവ ഗുരുതരമായ വില വർദ്ധനവ് കേരളത്തിലുണ്ടായിട്ടില്ല. എന്നിരുന്നാലും കേരളത്തിൽ വില വർദ്ധനവ് പിടിച്ചുനിർത്താൻ മനുഷ്യസാദ്ധ്യമായി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തതിന്റെ ഫലമായി. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഗണ്യമായ തോതിൽ വില കുറഞ്ഞിട്ടുണ്ട്. വില വർദ്ധനവ് സംബന്ധിച്ച് പ്രധാനമന്ത്രി ഡോക്ടർ മൻമോഹൻ സിംഗ് കഴിഞ്ഞ ഫെബ്രുവരി 21–ന് സംസ്ഥാന മുഖ്യമന്ത്രിമാർക്ക് എഴുതിയ കത്തിൽ സംസ്ഥാന സർക്കാരിന്

സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളെല്ലാം സംസ്ഥാന സർക്കാർ മാസങ്ങൾക്ക് മുൻപ് തന്നെ നടപ്പിലാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചീഫ് സെക്രട്ടറി, വ്യാപാരി–വ്യവസായി, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ പ്രതിനിധികൾ സപ്ലൈകോ, സിവിൽ സപ്ലൈസ് എന്നിവയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി രണ്ട് തവണ ചർച്ചകൾ നടത്തുകയും വില കുറയ്ക്കണമെന്ന് കച്ചവടക്കാരോട് ആവശ്യപ്പെടുകയും ചെയ്തു. കേരളത്തിലെ പച്ചക്കറി ഉൽപ്പാദന കേന്ദ്രങ്ങളായ കാന്തല്ലൂർ, വട്ടവട തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ഹോർട്ടികോർപ്പ് നല്ല സാധങ്ങൾ സംഭരിച്ച് ഹോട്ടലുകൾക്കും ഉപഭോക്താക്കൾക്കും എത്തിച്ചു കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രാമങ്ങളിലെ ആഴ്ച ചന്തകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സജീവമാക്കി. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി ഡിസംബറിൽ പുറത്തിറക്കിയ പ്രമേയത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് കേരള മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സർവ്വേയിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളം വില വർദ്ധനവിന്റെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുറകിലാണെന്ന് കാണിച്ചിട്ടുണ്ട്. ടാറ്റ, റിലയൻസ്, വാൾമാർട്ട് എന്നീ സ്വകാര്യ സംരംഭകർ റീട്ടെയിൽ രംഗത്തേയ്ക്ക് കടന്നുവരുന്നതിന്റെ മുന്നോടിയായി ഉൽപ്പന്നങ്ങൾ അമിതമായി ശേഖരിച്ച് അവരുടെ ഗോഡൗണുകളിൽ സൂക്ഷിക്കുന്നത് ആഭ്യന്തര വിപണിയിൽ വിലക്കയറ്റത്തിന് ഇടയാക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര

ഗവൺമെന്റ് മാറ്റം വരുത്തണമെന്ന് കേരള മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. Essential Commodities Act കർശന മായി നടപ്പിലാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു. എല്ലാ സംസ്ഥാന ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെയും യോഗം വിളിച്ചുചേർത്ത് ഇക്കാര്യ ത്തിൽ അടിയന്തിര തീരുമാനമെടുക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ നിലവിലുള്ള നിയമം കർക്കശമാക്കി വിനിയോഗിക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കേരളത്തിന്റെ വെട്ടിക്കുറച്ച ഗോതമ്പ്, അരി, മണ്ണെണ്ണ എന്നിവ പുന:സ്ഥാപിച്ചെടുക്കാൻ കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് ചർച്ച നടത്തി നിവേ ദനം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വിതരണ കേന്ദ്രത്തിലൂടെ വിൽപ്പന നടത്തുന്ന സാധനങ്ങളുടെ വിലയിൽ കഴിഞ്ഞ നാല് മാസമായി യാതൊരു വില വർദ്ധനവും വരുത്തിയിട്ടില്ലെന്ന് മാത്രമല്ല ഈ മാസം മുതൽ സാധനങ്ങ ളുടെ വിലയിൽ ഗണ്യമായ കുറവും വരുത്തിയിട്ടുണ്ട്. പരമാവധി സാധന ങ്ങൾ സ്റ്റോക്ക് ചെയ്ത് 2500-ൽപ്പരം വരുന്ന മാവേലി സ്റ്റോർ, എ.ആർ.ഡി, ശബരി സ്റ്റോർ, ലാഭം മാർക്കറ്റ്, സൂപ്പർ മാർക്കറ്റുകൾ എന്നീ വിതരണ കേന്ദ്ര ങ്ങളിൽ എത്തിച്ച് വിതരണം ചെയ്തുവരുന്നു. ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് നിത്യോപയോഗ സാധനങ്ങൾ മൊത്തമായി സംഭരിച്ച് കഴിഞ്ഞ കാല ങ്ങളിൽ നടത്തിയിരുന്ന അഴിമതികൾ അവസാനിപ്പിക്കാൻ ഇ-ടെന്റർ സമ്പ്രദായം നടപ്പിലാക്കി. വിളവെടുപ്പ് കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് നിത്യോപയോഗ സാധനങ്ങൾ മൊത്തമായി സംഭരിക്കാൻ നടപടി സ്വീകരിച്ചു. മാവേലി സ്റ്റോറുകൾ 500 എണ്ണം കൂടി വർദ്ധിപ്പിച്ച് നിത്യോപ യോഗ സാധനങ്ങളുടെ വിതരണം കൂടുതൽ വ്യാപകമാക്കുന്നതിനുള്ള

നടപടി പൂർത്തിയായിവരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. 1550 റേഷൻ കടകൾ കൂടി ശബരി സ്റ്റോറുകളാക്കി മാറ്റുന്നതിലൂടെ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത കൂടുതൽ വിപുലമാകും. പ്രധാന കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ 10 മൊബൈൽ മാവേലി സ്റ്റോറുകൾ കൂടി ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. എല്ലാ ജില്ലാ തലങ്ങളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഫുഡ് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് പൊതുവിതരണ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുന്നുണ്ട്. പൊതു കമ്പോളത്തിലെ അമിത വില നിയന്ത്രിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 14 ജില്ലകളിലും പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യ-സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡുകൾ കടകൾ പരിശോധിച്ച് വിലവിവരപ്പട്ടിക, സ്റ്റോക്ക് നിലവാരം, തൂക്കത്തിലെ കൃത്യത എന്നിവ ഉറപ്പുവരുത്തുന്നു. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി വരികയാണ്. എ.പി.എൽ. കാർഡ് ഉടമകൾക്ക് 8.90 രൂപ വച്ച് 35 കിലോയും ബി.പി.എൽ.കാർക്ക് 3 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യ ധാന്യവും വിതരണം ചെയ്യും. അഞ്ച് ജില്ലകളിൽ നെല്ല് സംഭരിച്ച് അരിയാക്കി റേഷൻ കടകൾവഴി വില്പന നടത്തുന്നു. മറ്റ് ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് എല്ലാ ജില്ലകളിലും റേഷൻ അദാലത്തുകൾ

സംഘടിപ്പിക്കുകയും റെയ്ഡുകളും പരിശോധനകളും കർശനമാക്കുകയും 107 റേഷൻ കടകൾ സസ്പെന്റ് ചെയ്യുകയും 2 റേഷൻ കടകൾ പൂർണ്ണമായി റദ്ദാക്കുകയും 31,600 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 8 റേഷൻ മൊത്തവ്യാപാര ഡിപ്പോകളും 340 റേഷൻ വ്യാപാര ഡിപ്പോയുടെ ലൈസൻസും സസ്പെന്റ് ചെയ്തിട്ടുണ്ട്. 298 പേർക്കെതിരെ ശിക്ഷണ നടപടികൾ എടുത്തുവരുന്നു. ഇപ്രകാരം പൊതുവിതരണരംഗം ശക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അവശ്യസാധനങ്ങളുടെ വില കുറയുന്നുവെന്ന് മന്ത്രി പറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്തതാണ്. അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് സാധാരണ ജനങ്ങൾക്ക് താങ്ങാവുന്നതിലും അപ്പുറമാണ്. ഇതു തൊഴിലാളികളേയും ഇടത്തരക്കാരേയുമാണ് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത്. സപ്ലൈകോ വഴി അവശ്യസാധനങ്ങളുടെ വില പിടിച്ചുനിർത്തുമെന്ന് ഭക്ഷ്യമന്ത്രിയുടെ പ്രസ്താവന വരുമ്പോഴും പൊതുകമ്പോളത്തിൽ സാധനങ്ങളുടെ വില ഒരു വർഷത്തിനുള്ളിൽ 40 ശതമാനം വരെ വർദ്ധിച്ചിരിക്കുകയാണ്. ഇത് നിയന്ത്രിക്കണം. കൺസ്യൂമർ ഫെഡറേഷൻ സാധനങ്ങൾ വാങ്ങുന്ന അതേ സ്ഥലത്തുനിന്നുതന്നെയാണ് സിവിൽസപ്ളൈസ് കോർപ്പറേഷനും സാധനങ്ങൾ വാങ്ങുന്നതെങ്കിലും രണ്ടിടത്തും രണ്ട് വിലയാണ് ഈടാക്കുന്നത്. കുതിച്ചുയരുന്ന ഈ വില നിയന്ത്രിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല എന്നുള്ളത് വസ്തുതയാണ്. അവധിക്കച്ചവടം നിർത്തണമെന്ന നിർദ്ദേശം നല്ലതാണ്. പണപ്പെരുപ്പം തടയാൻ കേന്ദ്ര ഗവൺമെന്റ് എല്ലാ നടപടികളും

സ്വീകരിച്ചുകഴിഞ്ഞു. എന്നാൽ വിലക്കയറ്റം തടയാൻ ഈ ഗവണ്മെന്റ് ഒന്നും ചെയ്യുന്നില്ലെന്നുമാത്രമല്ല അതിന്റെ പേരിൽ കേന്ദ്ര ഗവണ്മെന്റിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് വിലവർദ്ധനവിന്റെ പേരിൽ ഒരു അടിയന്തിരപ്രമേയംപോലും ഈ സഭയിൽ വന്നിട്ടില്ല. പെട്രോളിന്റേയും ഡീസലിന്റേയും വിലവർദ്ധിപ്പിച്ചപ്പോൾ കേന്ദ്ര ഗവണ്മെന്റ് ചെയ്തതുപോലെ കസ്റ്റംസ്, എക്സൈസ് നികുതികൾ ചുരുക്കി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഈ ഗവണ്മെന്റ് തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u>: നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഉദ്ധരിച്ച കണക്കുകളെ ഞാൻ നിഷേധിക്കുകയാണ്. കഴിഞ്ഞ. 4 മാസമായി സിവിൽ സപ്ളൈസ് കോർപ്പറേഷൻ വഴി വിറ്റഴിക്കുന്ന നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടില്ല. ഇൻഫ്ളേഷൻ നിയന്ത്രിക്കാൻ കേന്ദ്ര ഗവണ്മെന്റിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഇപ്പോഴുണ്ടായ വിലക്കയറ്റം രാഷ്ടീയവൽക്കരിക്കാനാണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശമെങ്കിൽ രാഷ്ട്രീയമായിത്തന്നെ ഗവണ്മെന്റ് അതിനെ നേരിടും. ഓപ്പൺ മാർക്കറ്റിലേതിൽ നിന്നും വളരെ വില കുറച്ചാണ് സപ്ളൈകോ വഴി ഇപ്പോൾ നിത്യോപയോഗസാധനങ്ങൾ കൊടുക്കുന്നത്. കേരളത്തിൽ ഇപ്പോൾ നിത്യോപയോഗസാധനങ്ങളുടെ വില കുറഞ്ഞു എന്നുള്ളത് സംശയാതീതമായ കാര്യമാണ്. ബഹുരാഷ്ട കുത്തകകൾ ഇൻഡ്യയിലെ റീട്ടെയിൽ സെക്ടറിലേയ്ക്ക് കടന്നുവന്നിരിക്കുകയാണ്. നാണയപ്പെരുപ്പത്തിന്റെ നിയന്ത്രണം കൈവിട്ടുപോയിരിക്കുന്നു. കേന്ദ്ര

നിയമമായ എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് നിലവിലില്ലെങ്കിൽപ്പോലും ജില്ലാ കളക്ടറുടെ അധികാരം ഉപയോഗിച്ച് ഇന്നലെ കോട്ടയത്തുനിന്ന് 8 ലക്ഷം ഭക്ഷ്യ ഉൽപ്പന്നങ്ങൾ റെയ്ഡ് ചെയ്ത് പിടിച്ചിരിക്കുകയാണ്. ആ നടപടികൾ ഇനിയും തുടരും. യു.ഡി.എഫ്. സർക്കാർ ഭരിച്ച കഴിഞ്ഞ 5 കൊല്ലവും കേരളത്തിന് അർഹമായ റേഷൻ സാധനങ്ങൾ കേന്ദ്രം അനുവദിച്ചിരുന്നില്ല. കേരളത്തിലെ റേഷൻ സംപ്രദായം ഫലപ്രദമാക്കി, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നി.ന്ത്രിക്കാൻ കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. നിലവിലുണ്ടായിരുന്ന റേഷൻ വിഹിതം പുന:സ്ഥാപിച്ചുകിട്ടുന്നതിനും റേഷൻവിഹിതം വെട്ടിക്കുറയ്ക്കുന്ന കേന്ദ്രനയത്തിനെതിരെ പ്രതികരിക്കാനും കേരളത്തിന്റെ താൽപര്യം സംരക്ഷിക്കണമെന്ന് ആവശ്യപ്പെടാനും ഭരണ പ്രതിപക്ഷവ്യത്യാസമില്ലാതെ ഒരുമിച്ച് കേന്ദ്രത്തോട് അഭ്യർത്ഥിക്കേണ്ടതുണ്ട്. കേരളത്തിലെ റേഷൻ വിതരണം ഫലപ്രദമാക്കുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും ആത്മാർത്ഥമായ സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന നല്ല നിർദ്ദേശങ്ങളെ ഈ ഗവണ്മെന്റ് സ്വാഗതം ചെയ്യുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ

പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ടു പുറത്തുപോയി. ശ്രീ.എ.കെ. ശശീന്ദ്രനും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി)

**ശ്രദ്ധക്ഷണിക്കൽ**

(1) ശബ്ദമലിനീകരണ നിയന്ത്രണം സംബന്ധിച്ച സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ കൊടുക്കണമെന്ന ആവശ്യം

മി. സ്പീക്കർ: സർവ്വശ്രീ തേറമ്പിൽ രാമകൃഷ്ണൻ, എ.സി. മൊയ്തീൻ, വി.എസ്. സുനിൽകുമാർ എന്നീ അംഗങ്ങളും പ്രസ്തുത വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ബാബു എം. പാലിശ്ശേരി: 2005 ജൂലായ് 18-ാം തീയതിയിലെ ശബ്ദമലിനീകരണ നിയന്ത്രണം സംബന്ധിച്ച സുപ്രീം കോടതി വിധിയനുസരിച്ച് വർഷങ്ങളായി കേരളത്തിൽ നടന്നുവരുന്ന ഹിന്ദു-മുസ്ലീം-ക്രൈസ്തവ മതവിശ്വാസികളുടെ ഉത്സവാഘോഷങ്ങൾ രാത്രി 10 മണിക്കുശേഷം നടത്താൻ കഴിയാത്ത സ്ഥിതിയാണുണ്ടായി രിക്കുന്നത്. വെടിക്കെട്ടും ചെണ്ടമേളവുംപോലും രാത്രികാലങ്ങളിലെ ആഘോഷവേളകളിൽ ഉപയോഗിക്കാൻ കഴിയാത്തവിധത്തിലാണ് വിധിന്യായം വന്നിരിക്കുന്നത്. ഉത്തരേന്ത്യയിൽ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന ആചാരങ്ങളും ആഘോഷങ്ങളുമാണ് ഇത്തരം വിധി പുറപ്പെടുവിക്കുന്നതിന് ഇടയാക്കിയിട്ടുള്ളത്. അവിടത്തെ ആചാരമനുസരിച്ച് ഒരു വിവാഹം നടന്നാൽ അഞ്ച് പത്ത് ദിവസം നീണ്ടുനിൽക്കുന്ന ശബ്ദാഘോഷങ്ങളാണ് നടത്തുന്നത്. ഇതുവഴി കേരളത്തിലെ വിവിധ

ജാതിമത വിശ്വാസികൾക്ക് ആഘോഷങ്ങൾ നടത്താൻ സാധിക്കാത്ത സാഹചര്യമാണുണ്ടായിരിക്കുന്നത്. സുപ്രീം കോടതിയിൽ നിന്ന് എക്സംപ്ഷൻ വാങ്ങി വലിയ ചില കമ്മിറ്റികൾ ആഘോഷങ്ങൾ നടത്തുന്നുണ്ട്. അത് ചെറിയ കമ്മിറ്റികളെ സംബന്ധിച്ച് അസാദ്ധ്യമാണ്. കേരളത്തിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്നതും രാത്രികളിൽമാത്രം അവതരിപ്പിക്കുവാൻ കഴിയുന്നതുമായ കൃഷ്ണനാട്ടംപോലുള്ള കലാരൂപങ്ങളും ആചാരങ്ങളും നടത്താൻ കഴിയുന്ന വിധത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ റിവ്യൂ പെറ്റീഷൻ കൊടുക്കുന്നതിന് സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): രാത്രി പത്ത് മണിക്കും പുലർച്ചെ ആറ് മണിക്കുമിടയിൽ ശബ്ദനിയന്ത്രണം പാലിക്കണമെന്നുള്ള താണ് സുപ്രീംകോടതി വിധി. 1986-ലെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ടും 2000-ത്തിലെ നോയിസ് പൊല്യൂഷൻ റെഗുലേഷൻ ആന്റ് കൺട്രോൾ ചട്ടങ്ങളുമാണ് ഇതിന് ആധാരം. ഫോറം ഫോർ ദി പ്രിവൻഷൻ ഓഫ് എൻവയോൺമെന്റ് ആന്റ് സൗണ്ട് പൊല്യൂഷൻ എന്ന സംഘടന നൽകിയ കേസിന്മേലാണ് ഇപ്പോൾ സുപ്രീംകോടതി വിധി വന്നിരിക്കുന്നത്. കേരളത്തിലെ ക്ഷേത്രങ്ങളിലും പള്ളികളിലും വിശേഷദിവസങ്ങളിൽ ആഘോഷങ്ങളോടനുബന്ധിച്ച് ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നതിനും വാദ്യമേളങ്ങൾ, വെടിക്കെട്ടുകൾ എന്നിവ നടത്തുന്നതിനുമാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. സുപ്രീംകോടതി വിധി ഉളവാക്കിയിട്ടുള്ള ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാനായി 28.2.07-ൽ

മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ, ആഭ്യന്തര വകുപ്പുമന്ത്രി, റവന്യൂ വകുപ്പു മന്ത്രി. ദേവസ്വവും സഹകരണവും വകുപ്പുമന്ത്രി, നിയമവകുപ്പു സെക്രട്ടറി, ചീഫ് സെക്രട്ടറി, ഡി.ജി.പി. തുടങ്ങിയവരുടെ ഉന്നതതലയോഗം വിളിച്ചു കൂട്ടുകയും വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകുക, അനാദികാലം മുതൽ തുടർന്നുവരുന്ന മതപരവും ചരിത്രപരവും സാംസ്കാരികവും ആചാരപര വുമായ ചടങ്ങുകൾക്ക് തടസ്സം വരാതെ തുടർന്നുപോകുന്നതിന് ബന്ധപ്പെട്ട കേന്ദ്ര നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി കൊണ്ടു വരുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുക, പൊല്യൂഷൻ കൺട്രോൾ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന ഇളവ് നൽകുക എന്നീ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(2) <u>സംസ്ഥാനത്ത് ഐ.ഐ.ടി., ഐ.ഐ.എസ്.ഇ.ആർ. എന്നിവ സ്ഥാപിക്കുന്നതിലും തിരുവനന്തപുരം മെഡിക്കൽകോളേജ് എ.ഐ.ഐ.എം.എസ്. പദവിയിലേയ്ക്ക് ഉയർത്തുന്നതിലും നേരിടുന്ന തടസ്സം</u>.

<u>ശ്രീ. ജി. കാർത്തികേയൻ:</u> ദേശീയ തലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, കേന്ദ്ര സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കുന്നതിനും തിരുവനന്തപുരം മെഡിക്കൽ കോളേജ് എ.ഐ.ഐ.എം.എസ്. പദവിയിലേയ്ക്ക് ഉയർത്തുന്ന തിനുമുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടെയും എം.പി..–മാരുടെയും

സ്വാധീനവും യു.പി.എ. ഗവൺമെന്റിൽ കേരളാ ഗവണ്മെന്റിനുള്ള സ്വാധീനവും ഉപയോഗിച്ച് പ്രസ്തുത സ്ഥാപനങ്ങൾ ലഭിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകണം; മുഖ്യമന്ത്രി വ്യക്തിപര മായി ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്ത് ഒരു ഐ.ഐ.ടി–യും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനവും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഞാനും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രധാനമന്ത്രിയേയും കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിയേയും കണ്ട് ചർച്ച നടത്തുകയും കേരള ത്തിന്റെ ഈ ആവശ്യം പരിഗണിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തതിനു പുറമേ കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി ഐ.ഐ.ടി–യും ഐ.ഐ.എസ്.ഇ.ആർ.–ഉം. കേരളത്തിന് വാഗ്ദാനം നൽകിയതുമാണ്. 8-11-06-ൽ കൂടിയ മന്ത്രിസഭാ യോഗത്തിൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കുകയും ആവശ്യമായ സ്ഥലം നൽകാൻ സമ്മതമാണെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് പ്രധാനമന്ത്രിയുടെ ശാസ്ത്ര ഉപദേശക സമിതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലം നിർണ്ണയിക്കാനും തുടർ നടപടികൾക്കുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയോടും ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. വരുന്ന വർഷം ഈ സ്ഥാപനം തുടങ്ങാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് എ.ഐ.ഐ.എം.എസ്. പദവിയി

ലേയ്ക്ക് ഉയർത്തണമെന്നുള്ള ആവശ്യം അംഗീകരിച്ചുകിട്ടാത്ത സ്ഥിതിക്ക് തുടർന്നും പരിശ്രമം നടത്തുന്നതാണ്. മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 100 കോടി രൂപ അനുവദിക്കുമെന്നുള്ള അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, നഴ്സിംഗ്, ഫാർമസി, എം.എൽ.ടി. തുടങ്ങിയ ബ്ളോക്കുകൾ നിർമ്മിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുമായി ഈ തുക വിനിയോഗിക്കാനുള്ള നിർദ്ദേശമാണ് ലഭിച്ചിട്ടുള്ളത്. ശാസ്ത്ര –സാങ്കേതിക രംഗത്തെ മികവിന്റെ കേന്ദ്രങ്ങളായ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ അനുവദിച്ചുകിട്ടുന്നതിനായി എല്ലാ പരിശ്രമങ്ങളും നടത്തുന്നതാണ്.

**സബ്മിഷൻ**

(1). എ.ഡി.ബി. വായ്പ വാങ്ങുന്നതു സംബന്ധിച്ച്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): എ.ഡി.ബി. ലോൺ വിഹിതം കൂടി ഉൾപ്പെടുത്തി പ്ലാൻ സൈസ് നിശ്ചയിച്ച്. ലോണെടുക്കാൻ തീരുമാനമെടുത്ത മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി വിയോജിപ്പ് പ്രകടിപ്പിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. വിയോജിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): എ.ഡി.ബി. വായ്പ കരാറിൽ ഒപ്പിട്ടതിനെ സംബന്ധിച്ച് എൽ.ഡി.എഫ്. ഗവൺമെന്റിന് യാതൊരുവിധ ആശയക്കുഴപ്പമോ അഭിപ്രായവ്യത്യാസമോ ഇല്ല. 2006 ഡിസംബർ 8–ാം തീയതി ഒപ്പിട്ട പ്രസ്തുത കരാർ 2007 മാർച്ച് 2–ാം തീയതി

കൂടിയ മന്ത്രിസഭായോഗം സാധൂകരിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രതിപക്ഷനേതാവുന്നയിക്കുന്ന വാദങ്ങൾ അടിസ്ഥാനരഹിതവും വസ്തുതാവിരുദ്ധവുമാണെങ്കിലും ഇതുമൂലം ജനങ്ങൾ ആശയക്കുഴപ്പത്തിലാവുകയില്ല.

(2) അഡ്വക്കേറ്റ് വൽസരാജക്കുറുപ്പിന്റെ കൊലപാതകം

ശ്രീ. കെ.പി. മോഹനൻ: പാനൂരിൽ 4–3–2007–ന് രാത്രി അഡ്വക്കേറ്റ് വൽസരാജക്കുറുപ്പ് അക്രമികളുടെ വെട്ടും കുത്തുമേറ്റ് ദാരുണമായി കൊലചെയ്യപ്പെട്ടു. ബി.ജെ.പി.–ആർ.എസ്.എസ്. പ്രവർത്തകർ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്ന ഈ സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കണമെന്നും അവിടെ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 4–3–2007–ന് രാത്രി 11.45–ന് പാനൂർ പോലീസ് സ്റ്റേഷനിലുള്ളവരെ ഇറക്കിക്കൊണ്ടുവരാൻ കൂടെ ചെല്ലണമെന്നാവശ്യപ്പെട്ട് രണ്ടുപേർ അഡ്വക്കേറ്റ് വൽസരാജക്കുറുപ്പിനെ വീട്ടിൽ നിന്നു വിളിച്ചിറക്കുകയും വീടിനു മുൻവശത്തു വച്ച് കൂട്ടിക്കൊണ്ടുപോയവരടക്കം 7 പേരടങ്ങുന്ന ഒരു സംഘം അദ്ദേഹത്തിന്റെ തലയിലും കാലിലും വെട്ടിയും ഇരുമ്പുവടികൊണ്ട് അടിച്ചും ഗുരുതരമായ പരിക്കുകളേൽപ്പിക്കുകയും ചെയ്തു. സംഭവം കണ്ട അദ്ദേഹത്തിന്റെ ഭാര്യ ബിന്ദുവിന്റെ നിലവിളി കേട്ട് എത്തിയ അയൽവാസികൾ വൽസരാജക്കുറുപ്പിനെ ആശുപത്രിയിലെത്തിച്ചെങ്കിലും വഴിയിൽ വച്ച് അദ്ദേഹം മരിച്ചു. ഇതു സംബന്ധിച്ച് പാനൂർ

പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പ്രതികളെ ആരെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. സ്ഥലത്ത് കണ്ണൂർ ഡി.ഐ.ജി. ക്യാമ്പ് ചെയ്യുകയും എസ്.പി.യുടെ നേതൃത്വത്തിൽ ശക്തമായ പോലീസ് ബന്തവസ്സേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(3) ഇരവിപുരം മണ്ഡലത്തിൽ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. എ.എ. അസീസ്: ഇരവിപുരം നിയോജകമണ്ഡലത്തിൽ പള്ളിമുക്ക് കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊല്ലം ജില്ലയിലെ കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുന്ന ഇരവിപുരത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റുണ്ട്. ഇരവിപുരം കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന നിർദ്ദേശം ആഭ്യന്തര വകുപ്പിൽനിന്ന് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമ്പോൾ ഇരവിപുരത്തിന് അർഹമായ പരിഗണന നൽകുന്നതാണ്.

(4) ആറളം-ആലക്കോട് മേഖലയിലെ ആദിവാസി ഭൂമി കയ്യേറ്റം

ശ്രീ. കെ.സി. ജോസഫ്: കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആറളം-ആലക്കോട് മേഖലയിൽ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി മാറ്റിവയ്ക്കപ്പെട്ട ഭൂമി ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകാത്തതിനെത്തുടർന്ന് സംഘടനകളുടെ പിൻബലത്തോടെ ആദിവാസികൾ കയ്യടക്കി വച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എം.എൽ.എ.മാർ അടങ്ങുന്ന കമ്മിറ്റി ഒരു

തീരുമാനത്തിലെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആറളം ഫാമിലുള്ള ഭൂമി അപേക്ഷിച്ച എല്ലാ ആദിവാസികൾക്കും നൽകാനും ആലക്കോട് മേഖലയിൽ 340 പേർക്കും നൽകുവാൻ ധാരണയായി. ആറളത്ത് അപേക്ഷിച്ച എല്ലാവർക്കും ആലക്കോട് കുറച്ചുപേർക്കും മാത്രം ഭൂമി നൽകാൻ തീരുമാനിച്ചതിലൂടെ വ്യത്യസ്തമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും രണ്ട് മേഖലകളിലും ഒരേ രീതിക്ക് ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 3060 ഹെക്ടർ വിസ്തീർണ്ണമുള്ള ആറളം ഫാമിലെ 1530 ഹെക്ടർ ഭൂമി ആദിവാസികൾക്ക് പതിച്ചുനൽകാനും ബാക്കി ഭാഗം ഫാമായിത്തന്നെ നിലനിറുത്താനുമാണ് മുൻസർക്കാർ തീരുമാനിച്ചത്. 840 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഒന്നാംഘട്ട ഭൂമി വിതരണത്തിൽ 2006 മാർച്ച് മാസം വരെ 751 പേർക്ക് കൈവശരേഖ നൽകി. അതിനുശേഷം ആദിവാസി ഗോത്രസഭാദ്ധ്യക്ഷ ശ്രീമതി സി.കെ. ജാനു കൊടുത്ത കേസ്സിൽ സ്റ്റാറ്റസ്കോ നിലനിറുത്തണമെന്ന ഹൈക്കോടതി തീർപ്പിന്റെ അടിസ്ഥാനത്തിൽ ബാക്കി ഭൂമിയിൽ നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിക്കാതെ വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കണ്ണൂർ കളക്ടറേറ്റിൽ ഒരു യോഗം വിളിച്ചുചേർക്കുകയും ഫാമിലെ ഭൂമിവിതരണം ത്വരിതപ്പെടുത്താൻ ധാരണയാവുകയും ചെയ്തിട്ടുണ്ട്. 340 ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പരാതി ഉള്ളത് ഊരുകൂട്ടങ്ങളുടെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. നിയമസമാധാന

പ്രശ്നങ്ങളും മറ്റും രമ്യമായി പരിഹരിക്കാൻ നടപടി സ്വീകരിച്ചിരിക്കുകയാണ്. 1020 ഏക്കർ ഭൂമിയിൽ 423.87 ഏക്കർ ഭൂമി മാത്രമേ ആലക്കോട് ഐഡന്റിഫൈ ചെയ്യാൻ സർക്കാരിന് സാധിച്ചുള്ളൂ. ബാക്കി ഫോറസ്റ്റ് ഭൂമിയാണ്. ഇപ്പോൾ സെൻട്രൽ ഗവൺമെന്റ് 'ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് ട്രെഡിഷണൽ ഡ്വെല്ലേഴ്സ് ഓഫ് ഫോറസ്റ്റ് ആക്ട്' കൊണ്ടുവന്നിട്ടുണ്ട്. മൂന്ന് മാസത്തിനകം ഇതിന് റൂൾസ് ആകും. അപ്പോൾ ആദിവാസികൾക്ക് ആവശ്യാനുസരണം ഭൂമി വിതരണം ചെയ്ത് ഈ പ്രശ്നം പരിഹരിക്കാനാകും.

### (5) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിന്റെ ശോച്യാവസ്ഥ

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ 12 വർഷമായി പ്രവർത്തിച്ചുവരുന്ന എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് വളരെയധികം പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. നിലവാരമുള്ള ക്ളാസ്മുറികളും ലൈബ്രറി സൗകര്യവും കോളേജിനാവശ്യമാണ്. ഇവിടെ സ്ഥിരമായി ഒരു പ്രിൻസിപ്പൽ ഇല്ല. പ്രൊഫസർ തുടങ്ങിയ തസ്തികകൾ ഏറെയും ഒഴിഞ്ഞുകിടക്കുകയാണ്. സെക്യൂരിറ്റി ഗാർഡ് ഉൾപ്പെടെയുള്ള തസ്തികകളിലെ ഒഴിവുകൾ നികത്തണം. എൽ.ബി.എസ്. ഡയറക്ടർ ഒരു വർഷം 2 പ്രാവശ്യം ഈ സ്ഥാപനം സന്ദർശിക്കണമെന്ന് നിർദ്ദേശം നൽകണം. 52 ഏക്കർ വിസ്തീർണ്ണമുള്ള കോളേജിന് ചുറ്റുമതിൽ നിർമ്മിക്കണം. എൽ.ബി.എസ്. സെന്റർ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സീനിയർ പെർമനന്റ് ഫാക്കൽറ്റിയെ

നിയമിക്കുകയും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് പ്രസ്തുത ഒഴിവ് നികത്തുകയും ഇലക്ട്രോണിക്സ് വിഭാഗത്തിന് പുതിയ കെട്ടിടം അനുവദിക്കുകയും എം.സി.എ.കോഴ്സ് പുനരാരംഭിക്കുകയും ചെയ്യണം. സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ച് ആരംഭിക്കുകയും ജില്ലാ കളക്ടർ ചെയർമാനായി കോളേജ് വികസന സമിതി രൂപീകരിക്കുകയും ജീവനക്കാരുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 1993-ൽ കാസർഗോഡ് ആരംഭിച്ച ഏറ്റവും പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ്. അവിടെയുണ്ടായിരുന്ന പല പോസ്റ്റുകളും പിൽക്കാലത്ത് ഇല്ലാതായി. പ്രിൻസിപ്പൽ/പ്രൊഫസർമാരുടെ നിയമനത്തിന് എ.ഐ.സി.ടി.ഇ.യുടെ നിബന്ധന പ്രകാരമുള്ള യോഗ്യതയുള്ള അദ്ധ്യാപകരെ കിട്ടുന്നില്ല. ഇപ്പോൾ അതിനായി പത്രപ്പരസ്യം കൊടുത്തുകഴിഞ്ഞു. ലക്ച്ചറർമാരുടെ വേക്കൻസികളിൽ ഈ മാസം തന്നെ നിയമനങ്ങൾ നടത്തുന്നതാണ്. 4500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ക്ളാസ്സ്റൂമും ലൈബ്രറിയും ഉൾപ്പെടെയുള്ള കെട്ടിടസമുച്ചയ നിർമ്മാണത്തിനായി ടെൻഡർ നൽകിക്കഴിഞ്ഞു. ചുറ്റുമതിലിന്റെ കാര്യത്തിൽ റവന്യൂ വകുപ്പിൽനിന്നും സ്ഥലം കിട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കോഴ്സുകളും ബ്രാഞ്ചുകളും ആരംഭിക്കാനാവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ്. എൽ.ബി.എസ്. ഡയറക്ടർ അവിടെ സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(6) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷൻ ഇല്ലാതാകുന്നത് സംബന്ധിച്ച്

ശ്രീ. ബി. ഡി. ദേവസ്സി : എൻ.എച്ച് –47 നാലുവരി പാതയാക്കുന്നതിന്റെ ഭാഗമായുള്ള മണ്ണൂത്തി–അങ്കമാലി നാലുവരിപ്പാതയുടെ നിർമ്മാണംമൂലം ചാലക്കുടി മുനിസിപ്പൽ ജംഗ്ഷൻ ഇല്ലാതാവുകയും അതുവഴി പോകുന്ന യാത്രക്കാർക്കും വാഹനങ്ങൾക്കും അസൗകര്യം ഉണ്ടാകുകയും ചെയ്യും. ചാലക്കുടി, മാള, കൊടുങ്ങല്ലൂർ നിയോജകമണ്ഡലങ്ങളെയാണ് ഇത് ബാധിക്കുന്നത്. നിലവിലുള്ള മുനിസിപ്പൽ ജംഗ്ഷൻ നിലനിർത്തിക്കൊണ്ടാണ് നാലുവരിപ്പാതയുടെ വികസനം നടത്തേണ്ടത്. സൗത്ത് ജംഗ്ഷനിൽ ഇപ്പോൾ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന ഫ്ളൈ ഓവർ നീട്ടി കോടതി ജംഗ്ഷൻവരെ എത്തിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി. യു. കുരുവിള): തൃശൂർ–അങ്കമാലി റോഡ് നാലുവരി പാതയാക്കുന്നതുമായി ബന്ധപ്പെട്ട് തൃശൂർ– അങ്കമാലി ഭാഗത്തേയ്ക്ക് ഒരു ഫ്ളൈ ഓവർ നിർമ്മിക്കുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫ്ളൈ ഓവറിന്റെ അടിയിൽക്കൂടി റോഡുണ്ട്. 2004–ൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ റെയിൽവേ മേൽപ്പാലത്തിലേയ്ക്കുള്ള ലോക്കൽ റോഡ് ട്രാഫിക് കുറവായിരുന്നതിനാൽ റെയിൽവേ മേൽപ്പാലത്തിലേയ്ക്കുള്ള ജംഗ്ഷൻ ക്രോസ്ചെയ്ത് പോകുന്നതിനുള്ള നിർദ്ദേശമുണ്ടായിരുന്നില്ല. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വീണ്ടും ട്രാഫിക് സർവ്വേ നടത്തി മുനിസിപ്പൽ ജംഗ്ഷനിൽ ക്രോസ്

ട്രാഫിക് അനുവദിക്കാനുള്ള സാദ്ധ്യതയെപ്പറ്റി പഠനം നടത്തണമെന്ന് അറിയിച്ചിട്ടുണ്ട്.

(7) <u>വാളകം–ഏനാത്ത് വരെയുള്ള എം.സി.റോഡിന്റെ ശോച്യാവസ്ഥ</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : ശരിയായ മോണിറ്ററിംഗ് ഇല്ലാതെയും കാര്യക്ഷമമായ പ്രവർത്തനം നടത്താതെയും അശാസ്ത്രീയമായി റോഡ് നിർമ്മിച്ചതിന്റെ ഫലമായി കൊട്ടാരക്കര മണ്ഡലത്തിൽ വാളകം മുതൽ കൊട്ടാരക്കര വരെയുള്ള റോഡിന്റെ ഭാഗങ്ങൾ തകർന്നു കിടക്കുകയാണ്. പണി ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും വലിയ കുഴികൾ വളരെ വേഗത്തിൽ നികത്തി ഗതാഗത യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. ടി.യു. കുരുവിള)</u>: എം.സി.റോഡിലെ വാളകം മുതൽ ഏനാത്ത് വരെയുള്ള ഭാഗത്തെ കുഴികൾ അടച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് കൊട്ടാരക്കര മുതൽ ഏനാത്ത് വരെയുള്ള പണി പൂർത്തിയാക്കുകയും വാളകം മുതൽ കൊട്ടാരക്കര വരെയുള്ള പണി നടന്നുവരികയുമാണ്.

(8) <u>ജനകീയ കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കണമെന്ന ആവശ്യം</u>

<u>ശ്രീമതി ഇ.എസ്. ബിജി മോൾ</u>: പാലൂർക്കാവ്, കുട്ടിഹരിജൻ കോളനി, മൂന്നാംമൈൽ തുടങ്ങി സംസ്ഥാനത്ത് ഒട്ടാകെയുള്ള ജനകീയ കുടിവെള്ള പദ്ധതികൾ വൈദ്യുതി കുടിശ്ശിക വന്നതുകാരണം ഇന്ന് പാഴായ അവസ്ഥ യിലാണ്. ഈ പദ്ധതികൾ ഒട്ടേറെ കുടുംബങ്ങൾക്ക് പ്രയോജനം ചെയ്യുന്നവയാണ്. ആവർത്തന ചെലവ് വഹിക്കാൻ പാടില്ല എന്ന ഗവൺമെന്റ് ഉത്തരവ് നിലവിലുള്ളതുകൊണ്ട് ഗ്രാമ പഞ്ചായത്തിനോ

ബ്ളോക്കിനോ ജില്ലാ പഞ്ചായത്തിനോ വൈദ്യുതി കുടിശ്ശിക അടയ്ക്കുവാൻ നിവൃത്തിയില്ലാത്ത സാഹചര്യമാണുള്ളത്. ഈ ഉത്തരവ് പുന:പരിശോധിക്കുകയും ഇവരുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനാവശ്യമായ ഉത്തരവ് ഇറക്കുകയും ചെയ്യണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഇത്തരം കുടിവെള്ള പദ്ധതികളുടെ വൈദ്യുതിച്ചാർജ് ഗുണഭോക്താക്കൾ തന്നെ അടയ്ക്കേണ്ടതാണ്. പാലൂർക്കാവ് കുടിവെള്ള പദ്ധതിക്ക് 55,000 രൂപയും മറ്റു രണ്ട് പദ്ധതികൾക്ക് ഒരു ലക്ഷം രൂപ വീതവും വൈദ്യുതി കുടിശ്ശികയുണ്ട്. ഈ പദ്ധതികളിലെ ഗുണഭോക്താക്കൾ പാവപ്പെട്ട പട്ടികജാതിക്കാരും തോട്ടം തൊഴിലാളികളുമായതുകൊണ്ടാണ് കുടിശ്ശിക വന്നത്. പൊതു ടാപ്പിൽനിന്ന് വെള്ളമെടുക്കുന്ന ഗുണഭോക്താക്കൾ അനുഭവിക്കുന്ന പ്രയാസം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കുടിവെള്ള സ്കീമുകൾ പ്രകാരം സ്ഥാപിച്ച പദ്ധതികളുടെ വൈദ്യുതി ചെലവ് ഗ്രാമപഞ്ചായത്തുകൾ വഹിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## ധനകാര്യം

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) 2006–07 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവച്ചു.

**ക്രമപ്രശ്നം**

2007–ലെ കേരള മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമ സെസ്സ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2007–ലെ കേരള മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമ സെസ്സ് ഓർഡിനൻസ് ചട്ടം 75 (2) പ്രകാരമുള്ള സ്റ്റേറ്റുമെന്റ് സഹിതം സഭയിൽ വച്ചിരിക്കുകയാണ്. ഓർഡിനൻസ് മാറ്റി പുതിയ ബിൽ ഈ സമ്മേളനത്തിൽത്തന്നെ കൊണ്ടുവരുന്നുണ്ടോ; ബിൽ പിൻവലിക്കുകയാണോ എന്നറിയണം. സബ്ജക്ട് കമ്മിറ്റിക്ക് റെഫർ ചെയ്ത ഈ ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കണം. ചട്ടം 269 അനുസരിച്ച് സബ്ജക്ട് കമ്മിറ്റിക്ക് റെഫർ ചെയ്ത പ്രമേയവും ഉപക്ഷേപവും ലാപ്സാകുന്നില്ല. സബ്ജക്ട് കമ്മിറ്റി ഒരുപാട് നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഓർഡിനൻസും ബില്ലും സഭയുടെ മുമ്പിലുണ്ട്. ഇത് സംബന്ധിച്ച് റൂളിംഗ് നൽകണം.

മി.സ്പീക്കർ: പരിശോധിച്ചതിനുശേഷം മറുപടി പറയുന്നതാണ്.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ കെ.വി. കുഞ്ഞിരാമൻ, കെ.പി. മോഹനൻ, തോമസ് ചാഴികാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള

നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. ജയരാജൻ: "2007 മാർച്ച് 2-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ജയരാജൻ: ഇ.എം.എസ്. ഗവൺമെന്റിന്റെ 50-ാം വാർഷികം പൂർത്തീകരിക്കുന്ന ഈ വേളയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയ പ്രഖ്യാപന പ്രസംഗം ഒന്നാം കേരള നിയമസഭയിൽ ഡോ. ബി. രാമകൃഷ്ണ റാവു നടത്തിയിട്ടുള്ള പ്രസംഗത്തെ അനുസ്മരിപ്പിക്കുന്നതാണ്. ആധുനിക കേരളത്തിന് ഭരണപരമായ അടിത്തറയിടാൻ തുടക്കം കുറിച്ചത് ആ ഗവൺമെന്റാണ്. സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന കർഷകത്തൊഴിലാളികളേയും പരമ്പരാഗത വ്യവസായത്തൊഴിലാളികളേയും വിസ്മരിച്ച ഒരു ഗവൺമെന്റ് ആയിരുന്നു കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ചിരുന്നത്. എന്നാൽ വ്യവസായവൽക്കരണത്തിനുവേണ്ടിയും കാർഷികമേഖലയുടെയും പരമ്പരാഗത വ്യവസായ മേഖലയുടെയും പുരോഗതിക്കുവേണ്ടിയുമുള്ള അടിത്തറയിടുകയാണ് കഴിഞ്ഞ 9 മാസത്തെ ഭരണത്തിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. കേരളത്തിന്റെ സമസ്ത മേഖലകളുടേയും അഭിവൃദ്ധിക്കുവേണ്ടിയുള്ള നയങ്ങളാണ് ഗവർണ്ണറുടെ പ്രസംഗത്തിലുടനീളം കാണുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിലൂടെ

തകർന്ന കേരളത്തെ പുരോഗതിയിലേക്ക് നയിക്കുവാനുള്ള കർമ്മ പരിപാടികളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. വിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിച്ച, പാവപ്പെട്ട മിടുക്കന്മാരായ കുട്ടികളെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നും അകറ്റുന്ന നയമായിരുന്നു യു.ഡി.എഫ്. സർക്കാരിന്റേത്. എന്നാൽ അവർക്ക് പഠിക്കാൻ അവസരമൊരുക്കിക്കൊണ്ട് സുപ്രധാനമായ നിയമനിർമ്മാണം നടത്തി സ്വകാര്യ സ്വാശ്രയ സ്ഥാപന ങ്ങളെ നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഇന്ന് കേരളത്തിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് എൽ.ഡി.എഫ്. ഗവൺമെന്റിനെ കാണുന്നത്. സമൂഹത്തിലെ അടിത്തട്ടിൽ കഴിയുന്ന കർഷകർക്ക് ആശ്വാസം പകർന്നുകൊണ്ട് കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്ന ഗവൺമെന്റാണിത്. കേരളത്തിൽ നിക്ഷേപങ്ങൾ വരുന്നതിന് അനുകൂല അന്തരീക്ഷമുണ്ടാക്കാനും നഷ്ടത്തിലായ പത്ത് പൊതുമേഖലാ സ്ഥാപന ങ്ങളെ ലാഭകരമാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ബീഡി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളെ സംരക്ഷിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചപ്പോൾ അതിനെ തകർക്കുന്ന തീരു മാനങ്ങളാണ് കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായത്. സാമുദായിക –വർഗ്ഗീയ ശക്തി കളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ച ഗവൺമെന്റാണിത്. ഇന്നത്തെ വിലക്കയറ്റത്തിന്റെ ഉത്തരവാദിത്വം കേന്ദ്ര ഗവൺമെന്റിനു മാത്രമാണ്. ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ശക്തമായ ഇടപെടലിന്റെ ഫലമായാണ് കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉല്പന്നങ്ങ ളുടെ വില കുറച്ചത്. സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധജന ങ്ങൾക്കുംവേണ്ടി ഒട്ടേറെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുമെന്നും അഴിമതി

ക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുമെന്നും ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സുനാമി ഫണ്ട് ദുർവിനി യോഗം ചെയ്തതിനേയും കെ.എസ്.ടി.പി.യുടെ അഴിമതിയേയും സംബന്ധിച്ച് ഇതിനോടകം പുറത്തുവന്ന വാർത്തകളുടെ നിജസ്ഥിതി പ്രതിപക്ഷാംഗങ്ങൾ വ്യക്തമാക്കണം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപി ക്കുകയും ആത്മഹത്യചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും സ്വാശ്രയ എൻജിനീയറിംഗ്-മെഡിക്കൽ-ദന്തൽ കോളേജുകളിൽ 50% സീറ്റിൽ സർക്കാർ ഫീസ് ഉറപ്പാക്കുകയും ചെയ്തു. രജനി. എസ്.ആനന്ദിന്റെ സഹോദരനും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുത്തങ്ങയിൽ നടന്ന വെടിവയ്പ്പിൽ കൊല്ലപ്പെട്ട ആദിവാസിയുടെ മകനും ഈ ഗവൺമെന്റ് ജോലി നൽകി. സുനാമി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികളെ പുനഃരധിവസിപ്പിച്ചുകൊണ്ട് അവർക്ക് നഷ്ടപരിഹാരം നൽകി. വൈദ്യുതി മേഖലയിൽ നാല് ലക്ഷം പുതിയ കണക്ഷനുകൾ നൽകി. പാവപ്പെട്ട ജനങ്ങൾക്കുള്ള കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുറച്ചു. ആദിവാസികൾക്കുവേണ്ടി ചികിൽസാ പദ്ധതികൾ ആവിഷ്ക്കരിച്ചു. കേരള ത്തിലെ കാർഷിക വികസനത്തിനാവശ്യമായ നടപടികൾ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചതെന്ന സത്യം വിസ്മരിക്കാനാവില്ല. തൊഴിലവസ രങ്ങൾ സൃഷ്ടിക്കുന്നതിനും മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട്. ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തകർക്കാനുള്ള

പ്രതിപക്ഷത്തിന്റെ പരിശ്രമങ്ങൾ വൃഥാവിലാണ്. ബന്ദുകളേയും ഹർത്താലുകളേയും എതിർത്തവർ ഇന്ന് അത് നടത്തുന്നത് അപഹാസ്യമാണ്. തെറ്റുകൾ തിരുത്തി ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കാൻ ഐക്യജനാധിപത്യമുന്നണി തയ്യാറാകണം.

സർവ്വശ്രീ എ.കെ. ശശീന്ദ്രൻ, കെ. മുഹമ്മദുണ്ണി ഹാജി, യു.സി. രാമൻ, സി. ടി. അഹമ്മദ് അലി, പി. കെ. അബ്ദുറബ്ബ്, കെ. സുധാകരൻ, ടി.എൻ. പ്രതാപൻ, കെ. ബാബു, ജി. കാർത്തികേയൻ, എം.എ. വാഹീദ്, വി.ഡി. സതീശൻ, കെ. അച്ചുതൻ, കെ. സി. വേണുഗോപാൽ, പ്രൊഫ. കെ.വി. തോമസ് എന്നീ അംഗങ്ങൾ നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. ജി. കാർത്തികേയൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ദിശാ ബോധമില്ലാത്ത, ആവർത്തന വിരസമായ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചുവെന്ന എൽ.ഡി.എഫിന്റെ വാദഗതി തെറ്റാണ്. കേരളത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം കേന്ദ്രഗവൺമെന്റ് നയങ്ങളാണെന്ന മനോഭാവം തിരുത്തണം. കഴിഞ്ഞ 10 വർഷത്തെ ഭരണം കൊണ്ട് കേരളത്തിലെ കർഷകർക്ക് അടിസ്ഥാനപരമായി എന്തെങ്കിലും മാറ്റമുണ്ടായോ എന്ന് പരിശോധിക്കണം. കേരളത്തിൽ കർഷകരുടെ ആത്മഹത്യ തുടരുകയാണെന്ന സത്യം നിഷേധിക്കാനാവില്ല. അധികാരത്തിൽ വന്ന് 10 മാസമായിട്ടും കേരള കാർഷിക സർവ്വകലാശാലയിൽ വൈസ്ചാൻസലറെ നിയമിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കർഷക സംഘടനകളാണ് ആത്മഹത്യക്ക് കാരണമെന്ന

ഭരണപക്ഷത്തിന്റെ ഇപ്പോഴത്തെ വാദത്തോട് യോജിക്കാനാവില്ല. പദ്ധതി വിഹിതത്തിന്റെ 40 ശതമാനത്തിലധികം ചെലവഴിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്നാണ് ഡെവലപ്പ്മെന്റ് കൗൺസിലിൽ അഭിപ്രായപ്പെട്ടിട്ടുള്ളത്. ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. അദ്ധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ എസ്.എസ്.എൽ.സി. മോഡൽ പരീക്ഷാ ചോദ്യപ്പേപ്പർ ചോർച്ചമൂലം സംസ്ഥാനത്തെ അഞ്ചരലക്ഷം വിദ്യാർത്ഥികളുടെ ആത്മവിശ്വാസമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കേരള സർവ്വകലാശാലയെ രാഷ്ട്രീയവൽക്കരിച്ച് നോക്കുകുത്തിയാക്കി മാറ്റാനുള്ള ശ്രമം ഉപേക്ഷിക്കണം. എ.ഡി.ബി.യെ എതിർത്തവർ ഇന്ന് അവരുമായി കരാർ ഒപ്പിടാൻ പോവുകയാണ്. ദൈവവിശ്വാസമില്ലാത്തവർ എപ്രകാരമാണ് ദൈവവിശ്വാസികളെ സംരക്ഷിക്കുന്നതെന്ന് വ്യക്തമാക്കണം. ടൂറിസം വികസനം കൊണ്ടുമാത്രമേ സംസ്ഥാനത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളുവെന്ന് കരുതുന്നത് ശരിയല്ല. കായലോരങ്ങളും കടൽത്തീരങ്ങളും കേരളീയർക്ക് ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. ഹെൽത്ത് ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതുവഴി സംസ്ഥാനത്തെ ചികിൽസാരംഗം സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന സ്ഥിതിയെക്കുറിച്ച് ഗൗരവമായി ആലോചിക്കണം.

ശ്രീ. പി. തിലോത്തമൻ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകാൻ പര്യാപ്തമായ

നയസമീപനങ്ങളാണ് നന്ദിപ്രമേയപ്രസംഗത്തിലുടനീളം കാണാൻ കഴിയുന്നത്. ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് പ്രവർത്തിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഉപതെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വിജയിക്കാൻ കഴിഞ്ഞത് എന്ന സത്യം നിഷേധിക്കാനാവില്ല. യു.പി.എ. സർക്കാരിന്റെ പ്രഖ്യാപിത നയസമീപനങ്ങളിൽ വരുന്ന മാറ്റത്തിന്റെ ഫലമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം തകർക്കപ്പെടുകയാണ്. വിലക്കയറ്റം പിടിച്ചു നിർത്താൻ ഭക്ഷ്യധാന്യങ്ങൾ പൊതു സംഭരണ കേന്ദ്രങ്ങളിലൂടെ സംഭരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കാനാവശ്യമായ സംവധാനമുണ്ടാക്കണം. കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങളുടെ മേൽ പ്രതികൂലമായ സാഹചര്യങ്ങൾ അടിച്ചേൽപ്പിച്ചിട്ടും ഈ ഗവണ്മെന്റ് അതിൽനിന്നും വിഭിന്നമായ സമീപനം സ്വീകരിച്ച് പൊതുവിതരണ സംപ്രദായത്തെ ശക്തിപ്പെടുത്തി മുന്നോട്ടുപോകുകയാണ്. കൂടുതൽ മാവേലി സ്റ്റോറുകൾ അനുവദിച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസകരമായ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൊതുവിപണിയിൽ കൂടുതൽ മാറ്റങ്ങൾ വരുത്തി പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തേണ്ടതിനുപകരം ദുർബലമാക്കി അധ:പതിപ്പിക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. കേരളത്തിന് അർഹമായ റേഷൻ വിഹിതം ലഭിക്കുന്നതിനായി ഒരു പ്രമേയത്തിലൂടെ സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന കേന്ദ്രത്തോട് ആവശ്യപ്പെടേണ്ടതുണ്ട്. ഈ ഗവണ്മെന്റ് കാർഷികമേഖലയുടെ വികസനത്തിനായി നിയമനിർമ്മാണം ഉൾപ്പെടെയുള്ള നിർണ്ണായകമായ ശ്രമം നടത്തുകയുണ്ടായി. കാർഷികമേഖലയുടെ തകർച്ചയ്ക്ക് പരിഹാരം കണ്ടെത്തി സമഗ്രമായ പുരോഗതി കൈവരിക്കുന്നതിന് വിവിധ ബാങ്കുകളുടേയും

സഹകരണ സ്ഥാപനങ്ങളുടേയും പങ്ക് എന്താണെന്നുള്ളതിനെക്കുറിച്ച് സജീവമായ ചർച്ച നടത്തണം. ഇറക്കുമതി തീരുവ കുറച്ചുകൊണ്ടുവരുന്ന കേന്ദ്ര ഗവണ്മെന്റ് നടപടി സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രതികൂല മായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയിലെ ദുരന്തം പേറുന്ന ആലപ്പുഴ ജില്ലയെ കേന്ദ്രത്തിന്റെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ നദികളുടെ ആഴം കൂട്ടി സംരക്ഷിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. വിദേശ നാണയ സംഭരണ ത്തിന് ചൈന കാണിക്കുന്ന മാതൃക കേരളവും സ്വീകരിക്കണം. വിദേശ മലയാളികളുടേതായ ഒരു ബാങ്കും ഒരു കോർപ്പറേഷനും ഉണ്ടാക്കാൻ കഴിയു മെങ്കിൽ കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. നല്ല വികസന സാധ്യതയുള്ള ടൂറിസം രംഗത്ത് വിദേശ മലയാളികളുടെ സഹായധനം വിനിയോഗിക്കാൻ കഴിയണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ഇത്രയും നിലവാരമില്ലാത്ത ഒരു പ്രസംഗം വായിപ്പിച്ചത് ഖേദകരമായിപ്പോയി. ഈ ഗവണ്മെന്റിന് ഇതുവരെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നാണ് ആ പ്രസംഗം ചൂണ്ടിക്കാണി ക്കുന്നത്. ഗുരുതരമായ ഒരു പ്രശ്നമായി ഇപ്പോൾ നിലനിൽക്കുന്ന വിലക്ക യറ്റത്തെ നിയന്ത്രിക്കാൻ ഈ ഗവണ്മെന്റ് ശ്രമിക്കുന്നില്ല. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് എ.ഡി.ബി.യെ കുറ്റം പറഞ്ഞവർ ഇപ്പോൾ എ.ഡി.ബി.യെ അനുകൂലിക്കുന്നു.. ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ എതിർത്തവർ ഇപ്പോൾ അത് കൊണ്ടുവരുന്നു. അന്നുപറഞ്ഞ അഭിപ്രായങ്ങ ളെല്ലാം സങ്കുചിത രാഷ്ട്രീയത്തിനനുസൃതമായ ഹീന തന്ത്രങ്ങളായിരുന്നു വെന്ന് ജനങ്ങളോട് തുറന്നു പറയണം. . സി.പി.ഐ.(എം) തുടക്കത്തിൽ

പാവപ്പെട്ടവർക്കുവേണ്ടി മാത്രം നിലനിന്നിരുന്ന ഒരു പ്രസ്ഥാനമായിരുന്നു. എന്നാൽ ഇന്ന് അത് ടാറ്റാ, ബിർള തുടങ്ങിയ മുതലാളിമാർക്കു വേണ്ടിയാണ് പ്രവർത്തിക്കുന്നത്

ശ്രീ. എം.കെ. പ്രേംനാഥ് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഒരു ഗവൺമെന്റാണിത്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു. പൂട്ടിക്കിടന്ന വ്യവസായശാലകൾ പലതും തുറന്നു പ്രവർത്തിപ്പിക്കുന്നതിനും കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും സ്ത്രീകൾക്കും പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും എതിരായിട്ടുള്ള അതിക്രമങ്ങൾക്ക് എതിരെ തീരുമാനങ്ങളെടുക്കുകയും ചെയ്തു. വില വർദ്ധനവ് തടയുന്നതിന് സഹകരണ രംഗത്ത് വരുത്തിയിരിക്കുന്ന മാറ്റങ്ങൾ സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് നയിക്കും. "സഹകരണ നിക്ഷേപം കേരളീയം" എന്ന പ്രത്യേക നിക്ഷേപ സമാഹരണ പദ്ധതിവഴി 4 ലക്ഷം പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 1260 കോടി രൂപ സമാഹരിച്ചതും സഹകരണ ആശുപത്രി സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുമെന്ന് പറഞ്ഞതും ശ്ലാഘനീയമാണ്. നാല് ശതമാനം പലിശ നിരക്കിൽ പാവപ്പെട്ട സ്ത്രീകളുടെ വിവാഹച്ചെലവുകൾ വഹിക്കുന്നതിന് ഒരു പുതിയ പദ്ധതിയിൻകീഴിൽ വായ്പ ലഭ്യമാക്കുമെന്നും വിലനിലവാരം പിടിച്ചുനിർത്തുന്നതിന് പ്രാഥമിക സഹകരണ സ്ഥാപനങ്ങളും കൺസ്യൂമർ ഫെഡ്ഡും മാവേലി സ്റ്റോറുകളും ശക്തിപ്പെടുത്തുമെന്ന് പറഞ്ഞതും സ്വാഗതാർഹമാണ്. തെറ്റായ കേന്ദ്ര നയത്തിന്റെ ഫലമായി

സംസ്ഥാനത്തുണ്ടാകുന്ന വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഇനിയും ശക്തമായ നടപടികളുണ്ടാകണം. മൽസ്യവിൽപ്പനയിലേർപ്പെട്ടിരിക്കുന്ന നാല് ലക്ഷം മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള നടപടികളും മൽസ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നതും ഇടതുപക്ഷ ഗവണ്മെന്റിന്റെ നേട്ടമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആളുകൾക്ക് രണ്ട് സെന്റ് ഭൂമിയും വീടും ഉണ്ടാക്കിക്കൊടുക്കുമെന്നുള്ള പ്രഖ്യാപനം എടുത്തുപറയത്തക്കതാണ്. “2010-ൽ എല്ലാവർക്കും പാർപ്പിടം” എന്ന ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പാവപ്പെട്ട ആളുകൾക്ക് മിച്ചഭൂമി കൊടുക്കുന്നതിനുള്ള പ്രഖ്യാപനവും നല്ലതാണ്. സംസ്ഥാനത്ത് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്നു പ്രഖ്യാപിച്ചത് കോഴിക്കോട് തന്നെ സ്ഥാപിക്കണമെന്ന അഭ്യർത്ഥനയുണ്ട്. സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഗവണ്മെന്റാണിത്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഭവവികാസമായ കാർഷിക കടാശ്വാസ നിയമത്തിൽ സഹകരണ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തിയതിലൂടെ ധാരാളം പേർക്ക് പ്രയോജനം ലഭിക്കും. നെൽകൃഷി വികസനത്തിനുള്ള ‘കേരളശ്രീ പദ്ധതി’, നാളികേര ഉൽപ്പാദനത്തിനും പച്ചക്കറി ഉൽപ്പാദനത്തിനും വേണ്ടിയുള്ള പദ്ധതി എന്നിവ കേരളത്തിന്റെ സാമ്പത്തിക രംഗത്തുണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ വളരെ വലുതാണ്. ടൂറിസം മേഖലയിൽ ‘റെസ്പോൺസിബിൾ ടൂറിസ’ത്തിന്റെ ആവിഷ്ക്കരണം, കയർ മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ എന്നിവ സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം വർദ്ധിപ്പിച്ചതുൾപ്പെടെ ഗവണ്മെന്റ് സ്വീകരിക്കുന്ന നിരവധി പുരോഗമനാത്മകമായ നടപടികൾ സ്വാഗതാർഹമാണ്.

പ്രൊഫ. എൻ. ജയരാജ് : നന്ദിപ്രമേയത്തെ എതിർക്കുന്നു. 2006 ജൂൺ 16-ാം തീയതി ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന്റെ ആവർത്തനമാണിത്. കൃഷിയുടെ ആധുനിക വൽക്കരണം, മൃഗസംരക്ഷണം, കുടുംബശ്രീയുടെ സഹായത്തോടുകൂടി നടപ്പാക്കുന്ന കോഴി വളർത്തൽ, പശുപരിപാലനത്തിനുള്ള പദ്ധതികൾ, എന്നിവ ഇംഗ്ളീഷ് പദങ്ങളുപയോഗിച്ച് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ആവർത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. ഐ.ടി.മേഖലയിൽ രണ്ടുലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞിട്ട് കഴിഞ്ഞ ഒൻപത് മാസക്കാലമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. സ്മാർട്ട് സിറ്റി ഉൾപ്പെടെയുള്ള പദ്ധതികളുടെ കാര്യം അനിശ്ചിതത്വത്തിൽ നിൽക്കുകയാണ്. മൽസ്യമേഖലയിലെ തൊഴിലാളികൾക്ക് വീട്, മാർക്കറ്റിംഗ് സൗകര്യങ്ങൾ എന്നിവ കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിലുമുണ്ടായിരുന്നുവെങ്കിലും അവ പ്രായോഗികമാക്കുന്നതിന് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സുനാമി പുനരധിവാസത്തിന് കഴിഞ്ഞവർഷം വകയിരുത്തിയ തുകയിൽ ഒരു പൈസപോലും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിൽ ആവശ്യമുള്ള കള്ള് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുതിയ കള്ള് ഷാപ്പുകൾ അനുവദിച്ചാൽ വ്യാജ മദ്യവും വ്യാജച്ചാരായവും സാർവ്വത്രികമാകും. സഹകരണ മേഖലയിൽ കാർഷിക വായ്പാ പലിശ നിരക്ക്, 8.5 ശതമാനത്തിൽ നിന്ന് മൂന്ന് ശതമാനമായി കേന്ദ്രം കുറച്ചപ്പോൾ സംസ്ഥാനം

ഒന്നര ശതമാനം കുറയ്ക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കർഷിക കടാശ്വാസ കമ്മീഷന് രൂപം കൊടുത്തിട്ടും ചെയർമാനെ നിയമിക്കാനോ അതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാനോ കഴിഞ്ഞിട്ടില്ല. കർഷിക കടാശ്വാസ കമ്മീഷനുവേണ്ടി 100 കോടി രൂപ വകയിരുത്തിയെങ്കിലും തുച്ഛമായ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സാധാരണജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടച്ചുപൂട്ടിയ തോട്ടങ്ങൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയൊന്നും നയപ്രഖ്യാപന പ്രസംഗത്തിലില്ല. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോടെക്നോളജിക്കുവേണ്ടിയുള്ള കേന്ദ്ര നിർദ്ദേശത്തെ സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് കാര്യമായ പ്രതികരണമൊന്നുമുണ്ടായിട്ടില്ല. ഇടുക്കിയിൽ ആരംഭിക്കാൻ പോകുന്ന സ്പൈസസ് പാർക്കിന് ആവശ്യമായ സ്ഥലം നിർദ്ദേശിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. കേന്ദ്രം കൊണ്ടുവരുന്ന പദ്ധതികൾ നടപ്പാക്കാൻ മുൻകൈയെടുക്കാത്ത ഗവണ്മെന്റാണിത്.

## ക്രമപ്രശ്നം

<u>ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യാഗസ്ഥരുടെ അഭാവം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഗവണ്മെന്റിന്റെ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടക്കുന്നത്. മുമ്പ് പല പ്രാവശ്യം ചെയർ റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യോഗസ്ഥരാരുമില്ല. ഇത് സംബന്ധിച്ച് ശക്തമായ റൂളിംഗ് നൽകണം.

# റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത്തരം ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥർ ഗ്യാലറിയിൽ നിർബന്ധമായും ഉണ്ടാകണം.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന
പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. കെ. കുഞ്ഞിരാമൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വളരെ സമഗ്രമായ നയപ്രഖ്യാപനപ്രസംഗമാണിത്. കേരളത്തിലെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന, സർവ്വതല സ്പർശി യായ നയപ്രഖ്യാപനമാണിത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് അധികാര വികേന്ദ്രീകരണം, ജനകീയാസൂത്രണം തുടങ്ങിയ പരിപാടികൾ കൊണ്ടുവന്നപ്പോൾ അന്നത്തെ പ്രതിപക്ഷം പുച്ഛിക്കുകയാണ് ചെയ്തത്. സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്ത് സുനാമി ബാധിതരെ വഞ്ചിച്ച ഗവണ്മെന്റായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ്. അഴിമതി ക്കെതിരെ യാതൊരു വിട്ടുവീഴ്ചയും കാണിക്കാത്ത ഗവണ്മെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. തിരുവനന്തപുരത്ത് ഒരു ആധുനിക ജയിൽ ആസ്ഥാനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് സ്വാഗതാർഹമാണ്. ജനക്ഷേമകരവും ഭാവനാപൂർണ്ണവും സർവ്വസ്പർശിയുമായ ഒരു നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയത്. എൽ.ഡി.എഫ്. ഗവണ്മെന്റ് വരുന്ന അഞ്ച് വർഷക്കാലം പുരോഗമനപരമായ പരിപാടികളുമായി മുന്നോട്ടുപോകുമ്പോൾ വരുന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് ഇപ്പോഴുള്ളതിലും കുറഞ്ഞ അംഗസംഖ്യയിൽ പ്രതിപക്ഷത്തിരിക്കേണ്ടിവരും. കേന്ദ്ര ബഡ്ജറ്റിൽ

കേരളത്തോട് കാണിച്ച അവഗണനയ്ക്കെതിരെ പ്രതിപക്ഷം ഒരക്ഷരം പറയാൻ തയ്യാറാകാത്തത് കേരളത്തിലെ ജനങ്ങളോട് ഒട്ടും ആത്മാർത്ഥതയില്ലെന്നതിന്റെ തെളിവാണ്. രാജ്യത്തെ ചെറുകിട വ്യാപാര മേഖലയെ കുത്തക മുതലാളിമാരുടെ കയ്യിൽ ഏൽപ്പിച്ചുകൊടുത്തതിന്റെ ഫലമായിട്ടാണ് വിലക്കയറ്റം ഉണ്ടായത്. ബാലവേല നിരോധനംമൂലം ആശ്രിതരും ദരിദ്രരുമായിത്തീർന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി, ബാലഭിക്ഷാടന വിമുക്ത കേരള പദ്ധതി തുടങ്ങിയവ സ്വാഗതാർഹമാണ്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന നവ ഉദാരവൽക്കരണ നയത്തിന്റെ ഫലമായുണ്ടായിട്ടുള്ള വിലക്കയറ്റമെന്ന ആഗോളപ്രതിഭാസം ഇല്ലായിരുന്നുവെങ്കിൽ പ്രതിപക്ഷം ആശയ ദാരിദ്ര്യം കൊണ്ടു പൊറുതിമുട്ടുമായിരുന്നു. കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് പ്രതിപക്ഷത്തിന് യാതൊന്നും പ്രതികരിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് സമയബന്ധിതമായി പൂർത്തിയാക്കാതിരുന്ന കെ.എസ്.ടി.പി. മുഖേനയുള്ള പണികൾ പൂർത്തീകരിക്കാനായി ഈ ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്.

ശ്രീമതി പി. അയിഷാ പോറ്റി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്തമേഖലയിലേയും ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒട്ടേറെ പദ്ധതികൾക്ക് ലക്ഷ്യമിട്ടുകൊണ്ടുള്ള, ദീർഘവീക്ഷണത്തോടുകൂടിയ ഒരു നയപ്രഖ്യാപനമാണ് ഗവർണ്ണർ നടത്തിയിരിക്കുന്നത്. കൊട്ടാരക്കരയിൽ 2002 നവംബറിൽ തുടങ്ങി 2005 ഡിസംബറിൽ പൂർത്തിയാക്കേണ്ട ഒരു വർക്ക് ഒരു കിലോമീറ്റർ സ്ഥലം പോലും ശരിയായ രീതിയിൽ ചെയ്യാതെ കിടക്കുന്നതിന്

കാരണം അവിടെ കാര്യക്ഷമമായ മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല എന്നതാണ്. അതിനുത്തരവാദികളായവരെയും അതിലുള്ള അഴിമതിക്കാരെയും കണ്ടെത്താനായി ഒരന്വേഷണം നടത്തണം. കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50000 രൂപയുടെ ധനസഹായം അനുവദിച്ചതിനെ സ്വാഗതം ചെയ്യുന്നു. രണ്ട് ബി.എസ്.സി. നഴ്സിംഗ് കോളേജുകൾ പുതുതായി തുടങ്ങിയതും 27 പുതിയ തസ്തികകൾ സൃഷ്ടിച്ചതും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനത്തിനു വേണ്ടി അനുവദിച്ച ആദ്യഗഡുവായ 5 കോടി 18 ലക്ഷം രൂപയ്ക്ക് എ.എസ്. കൊടുത്തതും 3200 അംഗനവാടികൾ തുടങ്ങാൻ തീരുമാനിച്ച് അതിൽ 1500 എണ്ണം ആരംഭിച്ചതും ഈ ഗവൺമെന്റാണ്. ട്രഷറി നിയന്ത്രണംമൂലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തടസ്സപ്പെട്ടിരുന്ന ഗ്രാമീണ വൈദ്യുതീകരണ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കാൻ തുടങ്ങിയത് സ്വാഗതാർഹമാണ്. അടച്ചുപൂട്ടിയ കൊല്ലം മീറ്റർ കമ്പനി ഈ സർക്കാർ തുറന്നു പ്രവർത്തിപ്പിച്ചു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പത്തെണ്ണം ലാഭത്തിലാക്കി. ഗാർഹികപീഡന നിയമം നടപ്പാക്കി. കശുവണ്ടി മേഖലയിലെ അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുകയും കശുവണ്ടിത്തൊഴിലാളികളുടെ കൂലി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. കർഷകത്തൊഴിലാളികളുടെയും കശുവണ്ടിത്തൊഴിലാളികളുടെയും പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്തു തീർത്തത് ഈ ഗവൺമെന്റാണ്. കശുവണ്ടിയുടെ ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചതിലൂടെ ഈ മേഖലയെ പുഷ്ടിപ്പെടുത്താനും ആ വ്യവസായം നിലനിർത്താനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏറ്റവും കൂടുതൽ

വിദേശനാണ്യം നേടിത്തരുന്ന ഒരു സംരംഭമെന്നുള്ള നിലയ്ക്ക് ഈ മേഖലയ്ക്ക് ആവശ്യമായ ഊന്നൽ നൽകി ധനസഹായം നൽകണം. കൃഷി വകുപ്പ്, സിവിൽ സപ്ളൈസ് കോർപ്പറേഷൻ, മാവേലി സ്റ്റോറുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ വഴി നിത്യോപയോഗ സാധനങ്ങൾ ഇപ്പോൾ വിലകുറച്ച് വിൽക്കുന്നുണ്ട്. ഇതുവരെ ചെയ്ത പണികളുടെ ഗുണ നിലവാരം വിലയിരുത്താതെ കെ.എസ്.ടി.പി.-ക്ക് ഇനി തുക അനുവദിക്കാൻ പാടില്ല. പൂഴ്ത്തിവയ്പ്പിനെതിരെയുള്ള പരിശോധന കർശനമാക്കിയതിന്റെ ഫലമായി ധാരാളം കേസുകൾ പിടിക്കപ്പെട്ടുകഴിഞ്ഞു. ജനങ്ങളോടുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇതിലൂടെ വെളിവാകുന്നത്. പ്രമാണം രജിസ്റ്റർ ചെയ്യാൻ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കുന്നതിലൂടെ ബിനാമി ഇടപാടുകൾ തടയാൻ സാധിക്കും. കേരളത്തിലെ സാഹചര്യങ്ങൾക്ക് യോജിക്കാത്ത ഹൈടെക്ക് ട്രാൻസ്പോർട്ട് ബസ്സുകളാണ് കഴിഞ്ഞ സർക്കാർ വാങ്ങിക്കൂട്ടിയത്. കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചുണ്ടായിരുന്ന ടയർ ക്ഷാമം ഇപ്പോൾ പരിഹരിച്ചുകഴിഞ്ഞത് നല്ല കാര്യമാണ്. ഈ കോർപ്പറേഷനെ ലാഭകരമാക്കാൻ ഈ സർക്കാർ ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഗ്രാമവികസന വകുപ്പിനെ പ്രത്യേകം വകുപ്പാക്കിയതിലൂടെ കഴിഞ്ഞ സർക്കാർ വികേന്ദ്രീകരണത്തെ വികൃതമാക്കിയിരുന്നു. സാമ്പത്തിക അധികാരത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്തിന് യാതൊരു തീരുമാനവും എടുക്കാൻ പറ്റാത്ത നിലയിലുണ്ടാ യിരുന്ന ഗൈഡ്ലൈൻ മാറ്റിയതു കാരണം ഇത്തവണ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച പണം 100 ശതമാനവും ചെലവാക്കാൻ സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ

ശക്തിപ്പെടുത്തി ജനകീയാസൂത്രണ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വർഗ്ഗീയകലാപങ്ങൾ അടിച്ചമർത്താൻ ഈ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ദുരൂഹമരണങ്ങളേയും കൊലപാതകങ്ങളേയുംപറ്റി അന്വേഷണം നടത്തി ശക്തമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ്കുമാർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ 9 മാസക്കാലം ഈ സർക്കാർ ജനക്ഷേമകരമായ ഒന്നും ചെയ്തില്ല എന്ന കാര്യം മറച്ചുപിടിക്കാൻ വേണ്ടിയുള്ള പ്രസംഗമാണ് ഭരണകക്ഷി അംഗങ്ങൾ നടത്തിയത്. കേരളത്തിൽ ആദ്യമായി ഒരു സ്വാശ്രയ കോളേജിന് അനുമതി നൽകിയത് എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ ഒരു പുതിയ നിയമം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കൊണ്ടുവന്നപ്പോൾ പ്രസ്തുത നിയമം ഇൻഡ്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാകുമെന്ന് അന്ന് യു.ഡി.എഫ്. മുന്നറിയിപ്പ് നൽകിയിട്ടും അത് പാസ്സാക്കി. തുടർന്ന് കോടതി ആ നിയമത്തിലെ ചില വ്യവസ്ഥകൾ റദ്ദാക്കിയതിന്റെ ഫലമായി മുഴുവൻ സീറ്റുകളും സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകളുടെ നിയന്ത്രണത്തിലായി.. കെ.എസ്.ടി.പി. മുഖേന ചെയ്യുന്ന പണികൾ പൂർത്തിയാക്കാൻ 9 മാസക്കാലം പോരായെന്ന് പറഞ്ഞൊഴിയുന്നത് ശരിയല്ല. തിരുവനന്തപുരം നഗരത്തിലുൾപ്പെടെ പല പണികളും പകുതിയാക്കി നിർത്തിയിരിക്കുകയാണ്. ഇവ പൂർത്തിയാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം. പത്തനാപുരം ഡിപ്പോയിൽ നിന്ന് 48 ബസുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇപ്പോൾ സർവ്വീസ് നടത്തുന്നത് വെറും 28 ബസ്സുകളാണ്. കട്ടപ്പുറത്തിരിക്കുന്ന ബസ്സുകൾ നന്നാക്കാൻ പോലും ഈ ഗവൺമെന്റിനു

സാധിക്കുന്നില്ല. തട്ടേക്കാട് ദുരന്തത്തിൽ ക്രൈസിസ് മാനേജ്മെന്റ് വകുപ്പ് ഉണർന്നു പ്രവർത്തിച്ചില്ല. ബോട്ടിൽ ഒരു തവണ പോലും കയറാത്ത ഇറിഗേഷൻ വകുപ്പിലെ എഞ്ചിനീയർമാരാണ് ബോട്ടിന് ലൈസൻസ് കൊടുത്തത് എന്നാണ് അറിയുന്നത്. മന്ത്രിസഭയ്ക്ക് കൂട്ടുത്തരവാദിത്വം ഇല്ലാതായി തീർന്നിരിക്കുന്നു.

<u>ശ്രീ. പി.സി. ജോർജ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോട്ടയം ജില്ലാ പഞ്ചായത്തിൽ 187 കുടിവെള്ള പദ്ധതികൾക്കായി പതിമൂന്നര കോടി രൂപ ചെലവാക്കി. എന്നാൽ അവിടെ ആകെ വെള്ളം കിട്ടുന്നത് 34 എണ്ണത്തിൽ മാത്രമാണ്. ഇത്തരത്തിൽ സോഴ്സ് ഇല്ലാത്ത വാട്ടർ സപ്ളൈ സ്ക്കീമുകൾക്ക് പണം അനുവദിക്കരുത്. പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തുകൾ തമ്മിലൊരു കോ-ഓർഡിനേഷൻ ഉണ്ടാക്കണം. നെല്ല്, വാനില, അടയ്ക്കാ, കാപ്പി എന്നീ മേഖലകളിലെ കൃഷിക്കാർ പട്ടിണിയിലാണ്. ഇവരെ രക്ഷിക്കുന്നതിന് പലിശ രഹിത വായ്പ നൽകണം. ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കച്ചവട സ്ഥാപനങ്ങൾക്കും വ്യക്തിക്കൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് വിലക്കയറ്റം നിയന്ത്രിക്കണം. അഴിമതിക്കെതിരെയുള്ള ഈ ഗവൺമെന്റിന്റെ ശക്തമായ നടപടികൾ ശ്ളാഘനീയമാണ്. പാവപ്പെട്ടവരേയും സാധാരണക്കാരേയും ബുദ്ധിമുട്ടിക്കാത്ത വിധത്തിൽ നിബന്ധനകൾക്ക് വിധേയമായി മാത്രമേ എ.ഡി.ബി. ലോൺ എടുക്കാൻ പാടുള്ളൂ.

ശ്രീ. പി. ടി. എ. റഹീം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ഗുരുതരമായ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രതിപക്ഷം സഹകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ ജനക്ഷേമകരമായ പദ്ധതികൾ പോലും നടപ്പിലാക്കാൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായില്ലെന്നത് ശ്രദ്ധേയമാണ്. മുസ്ലീം ലീഗ് സംഘടനയുടെ പേരിൽ പിരിച്ചെടുത്ത സുനാമി ദുരിതാശ്വാസ തുക ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടില്ലെന്നത് വസ്തുതയാണ്.

ശ്രീ. എം.കെ. പുരുഷോത്തമൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമൂഹത്തിലെ ഏറ്റവും ദുർബലരായ ജനവിഭാഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതും സുവ്യക്തമായ ദിശാബോധം നൽകുന്നതുമായ നയരേഖയാണ് ഗവർണ്ണർ ഇവിടെ സമർപ്പിച്ചിട്ടുള്ളത്. അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്. ഭരണം കേരളത്തിന്റെ സമസ്ത മേഖലയും തകർത്ത് വികൃതമാക്കിയെന്നത് വസ്തുതയാണ്. ഈ ചുറ്റുപാടിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റിൽ ഗവൺമെന്റിന്റെ ദിശാബോധം വ്യക്തമാക്കുന്ന സൂചനകളും വ്യക്തതകളും ഉണ്ടാവും എന്നതിൽ തർക്കമില്ല. കൃഷിക്കാരെ ഇത്രയേറെ സമാശ്വസിപ്പിച്ച ഒരു ഗവൺമെന്റും സംസ്ഥാനത്തുണ്ടായിട്ടില്ല. തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനുള്ള ഇച്ഛാശക്തി കാണിക്കുന്ന ഒരു ഗവൺമെന്റാണിത്. കാർഷിക കടാശ്വാസ നിയമം പരിശോധിക്കാനും പഠിക്കാനും ഇന്നത്തെ പ്രതിപക്ഷം തയ്യാറായിയെന്നത് നല്ല കാര്യമാണ്. കേരളത്തിലെ ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാനോ അവരുടെ കുടുംബങ്ങൾക്ക്

സഹായമെത്തിക്കാനോ അഞ്ച് വർഷക്കാലം ഭരിച്ച യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. കേരളത്തിൽ ഏകദേശം 22 വ്യവസായശാലകൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള എല്ലാ വ്യവസായ ശാലകളും ലാഭകരമാക്കി വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനാ വശ്യമായ നടപടികളുമായി ഈ സർക്കാർ മുന്നോട്ടു പോവുകയാണ്. കേരള ത്തിലെ കാർഷിക മേഖല പോലെതന്നെ സുപ്രധാനമാണ് മത്സ്യമേഖല. കോടികളുടെ വിദേശനാണ്യം സർക്കാരിന്റെ ഖജനാവിലേയ്ക്ക് സംഭാവന ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ അതീവ ദരിദ്രരാണ്. ഈ മേഖലയെ സഹായിക്കാനുള്ള ഒരു ശ്രമവും യു.ഡി.എഫ്. ഭരണകാലത്തുണ്ടായില്ല. കുറേ പേർക്ക് വഞ്ചിയും വലയും നൽകിയതല്ലാതെ അവരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനോ മത്സ്യ മേഖലയിൽ തൊഴിൽലവസര ങ്ങൾ ഉണ്ടാക്കാനോ കഴിഞ്ഞ സർക്കാരിന് കഴിഞ്ഞില്ല. ലോകത്തുള്ള മനുഷ്യസ്നേഹികൾ കയ്യയച്ച് സംഭാവന ചെയ്ത സുനാമി ഫണ്ട് മത്സ്യ മേഖലയിൽ ചെലവഴിക്കാതെ വകമാറ്റി ചെലവഴിക്കുകയാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. ഈ ഗവൺമെന്റ് സമഗ്രമായ ഒരു പാക്കേജ് തയ്യാറാക്കി കടലോര മേഖലയുടെ വികസനത്തിനുവേണ്ടി മുന്നോട്ടുപോയി ക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണകാലത്ത് വർഗ്ഗീയ ശക്തികൾക്ക് യാതൊരുവിധ സംരക്ഷണവും ലഭിക്കുകയില്ല. മതേതര ജനാധിപത്യ വീക്ഷണമുള്ള നിലപാടാണ് ഇടതു പക്ഷം കാത്തുസൂക്ഷിക്കുന്നത്. സാമൂഹ്യ വിരുദ്ധർക്ക് യാതൊരു പരിരക്ഷയും ഈ ഗവൺമെന്റിന്റെ കീഴിൽ ലഭിക്കില്ല. അഴിമതിക്കെതിരായി

സന്ധിയില്ലാത്ത നിലപാടുയർത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ദിശാബോധമില്ലാത്ത ഒരു ഗവൺമെന്റിന്റെ പ്രഖ്യാപനമാണ് ഈ പ്രസംഗത്തിൽ ഉള്ളത്. ഇത് കഴിഞ്ഞ നയപ്രഖ്യാപനത്തിന്റെ ആവർത്ത നമാണ്. 3 കൊല്ലം കൊണ്ട് നടപ്പിലാക്കേണ്ട പദ്ധതികളിൽ ഏതെല്ലാം നടപ്പിലാക്കിയെന്നോ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നോ പറഞ്ഞിട്ടില്ല. ഇവിടെ ക്രമസമാധാനനില ആകെ തകർന്നിരിക്കുന്നു. ഈ സർക്കാരിന്റെ ആദ്യത്തെ ആറ് മാസത്തിനുള്ളിൽ 20 ലോക്കപ്പ് മരണങ്ങളാണ് ഉണ്ടായത്. കമ്പ്യൂട്ടർവൽക്കരണത്തെ ശക്തമായി എതിർത്ത കമ്മ്യൂണിസ്റ്റ് പാർട്ടി ലാപ്ടോപ് യുഗത്തിന്റെ യഥാർത്ഥ വക്താക്കളായി മാറിയിരിക്കുന്നു. എ.ഡി.ബി. ലോൺ എടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എതിരാണെങ്കിലും അത് പ്രകടിപ്പിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഭരിക്കുമ്പോൾ സ്വീകരിക്കുന്ന സമീപനങ്ങൾ പുരോഗമനപരവും ഐക്യജനാധിപത്യ മുന്നണിയുടെ നയസമീപനങ്ങൾ പിന്തിരിപ്പൻ ആണെന്നുമാണ് ഭരണകക്ഷിക്കാർ അവകാശപ്പെടുന്നത്. എ.ഡി.ബി. വായ്പയുടെ കാര്യത്തിൽ കേരള ജനതയെ വഞ്ചിച്ച ഈ സർക്കാർ പരസ്യമായി കേരളത്തോട് മാപ്പുപറയണം. എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവ ജനാധിപത്യത്തിന്റെ ശക്തികേന്ദ്രങ്ങളാണ്. ചീഫ് ജസ്റ്റിസിനെ നാടുകടത്തിയ സർക്കാരാണിത്. സ്വാശ്രയ ബില്ലിനെ ബഹുമാനപ്പെട്ട സുപ്രീം കോടതിയും ഹൈക്കോടതിയും ചോദ്യം ചെയ്തപ്പോൾ അത് നടപ്പാക്കിയില്ല. ജഡ്ജിമാരെക്കുറിച്ച്

ദു:സ്സൂചനയോടെ ഭീഷണിപ്പെടുത്തുന്ന രീതിയിൽ നീതിന്യായ വ്യവസ്ഥയെ അട്ടിമറിക്കാൻ വേണ്ടിയുള്ള സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട മന്ത്രിസഭയിൽ അരാജകത്വം നിലനിൽക്കുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിയുന്നത്.

ശ്രീ. വി. ശശികുമാർ: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. എ.ഡി.ബി. പ്രശ്നമെടുത്ത് ഭരണപക്ഷത്തെ മുൾമുനയിൽ നിർത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. എ.ഡി.ബി.യെക്കുറിച്ച് എൽ.ഡി.എഫ്–ന് വ്യക്തമായ നയവും കാഴ്ചപ്പാടുമുണ്ട്. എ.ഡി.ബി. പോലുള്ള ഏജൻസിക ളിൽനിന്നും പണം കടം വാങ്ങാൻ പാടില്ല എന്ന് ഒരുകാലത്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി പറഞ്ഞിട്ടില്ല. യു.ഡി.എഫിന് ആവശ്യം ആഗോള വൽക്കരണത്തിനനുസൃതമായ സ്ട്രക്ച്ചറൽ ലോൺ ആയിരുന്നു. ആ വ്യവസ്ഥയെയാണ് അന്ന് ഇടതുപക്ഷം എതിർത്തത്. കൃഷിക്കാർക്കും തൊഴിലാളികൾക്കും അനുകൂലമായ നിയമനിർമ്മാണങ്ങൾ നടത്തി പുതിയ വഴികൾ വെട്ടിത്തുറക്കുകയാണ് ഇടതുപക്ഷം ചെയ്തിട്ടുള്ളത്. 1957–ലെ ഗവണ്മെന്റിന്റെ തുടർച്ചയായാണ് 2007–ലെ അച്ചുതാനന്ദൻ ഗവണ്മെന്റ് പ്രവർത്തിക്കുന്നത്. കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ സംസ്ഥാന ഗവണ്മെന്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തീർക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെ വ്യവസായങ്ങൾ ലാഭകരമാക്കാനും പൊതു മേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കാനുമുള്ള നിലപാടുകളുമായി ഈ ഗവണ്മെന്റ് മുന്നോട്ടുപോവുകയാണ്. വീടില്ലാത്തവർക്ക് രണ്ട് സെന്റ് ഭൂമിയും വീടും നൽകാനുള്ള ഒരു പദ്ധതി നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ചി

ട്ടുണ്ട്. ഒൻപത് മാസംകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതിക്കു ള്ളിൽനിന്നുകൊണ്ട് ചെയ്യാൻകഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്തു. മുൻഗവണ്മെന്റിന്റെ കാലത്ത് നിലനിന്നിരുന്ന മാഫിയാ സംഘങ്ങളെയും പെൺവാണിഭ സംഘങ്ങളെയും അമർച്ച ചെയ്യാൻ ഈ ഗവണ്മെന്റിനു സാധി ച്ചു. ഭീകരവാദ ഗ്രൂപ്പുകളെ അമർച്ച ചെയ്യാനുള്ള നടപടികളെടുക്കാൻ ഗവണ്മെന്റ് തയ്യാറാകണം. സംസ്ഥാനത്തെ നല്ല രീതിയിൽ മുന്നോട്ടു നയിക്കു ന്നതിനുള്ള ദിശാബോധം പകർത്തുന്ന ഒന്നാണ് ഈ നയപ്രഖ്യാപന പ്രസംഗം.

<u>ശ്രീ. ബാബുപോൾ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാന ത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു നയപ്രഖ്യാപനമാണ് ഗവർണ്ണർ ഇവിടെ അവതരിപ്പിച്ചത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതി ക്കുള്ളിൽനിന്നുകൊണ്ട് നാടിന്റെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിനും ജനങ്ങൾക്ക് ഒട്ടേറെ ആനുകൂല്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികളാണ് കഴിഞ്ഞ ഒൻപത് മാസമായി എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് അധികാര മൊഴിയുമ്പോൾ വലിയ കടബാധ്യതയും കർഷകത്തൊഴിലാളികൾക്കും അശരണർക്കും വികലാംഗർക്കും മറ്റ് വിഭാഗക്കാർക്കും കൊടുക്കേണ്ട ക്ഷേമ ആനുകൂല്യങ്ങൾക്കു പുറമെ കരാറുകാർക്ക് കൊടുക്കാനുള്ള കോടി ക്കണക്കിന് രൂപയും കുടിശ്ശികയായിരുന്നു. സാമ്പത്തിക പരിമിതിക്കു ള്ളിൽനിന്നുകൊണ്ട് ഈ കുടിശ്ശികകളെല്ലാം ഒരുപരിധിവരെ കൊടുത്തുതീർക്കാനുള്ള നടപടി ഈ ഗവണ്മെന്റ് സ്വീകരിച്ചു. ഖജനാവിലെ പണം പരമാവധി ജനങ്ങൾക്ക് പ്രയോജനം കിട്ടുന്ന തരത്തിൽ വിനിയോഗി

ക്കുന്ന സമീപനമാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചത്. ഒട്ടേറെ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കാൻ ഈ ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന പൊതുമേഖലാസ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കഴിഞ്ഞ ഗവണ്മെന്റ് ലാഭമോ നഷ്ടമോ നോക്കാതെ വിൽക്കാൻ തീരുമാനിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിച്ചതിന്റെ ഫലമായി 22 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. സ്വകാര്യമേഖലയിലെ അടച്ചിട്ടിരുന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള ചർച്ചകൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്. പരമ്പരാഗത മേഖലയിലും ഒരു പുത്തനുണർവ് ഉണ്ടാക്കാൻ ഈ ഗവണ്മെന്റിനു സാധിച്ചു. കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് 50,000 രൂപ സഹായധനം നൽകി. അവർ എടുത്തിരുന്ന കാർഷിക വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളി. കൂടാതെ കാർഷിക മേഖലയിലാകെ ആശ്വാസ നടപടി എന്നുള്ള തരത്തിൽ രൂപീകരിച്ച കർഷക കടാശ്വാസ ബിൽ നിയമമാക്കി എന്നുമാത്രമല്ല, കമ്മിഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാന ഗവണ്മെന്റിന്റെ ശ്രമഫലമായി പാലക്കാട്, കാസർഗോഡ്, വയനാട് ജില്ലകൾക്കായി കേന്ദ്ര ഗവണ്മെന്റിൽനിന്നും ഒരു പാക്കേജ് പദ്ധതി അംഗീകരിപ്പിക്കാനും അതിന്റെ ഫലമായി 765 കോടി രൂപ സംസ്ഥാനത്തിന് നേടിയെടുക്കാനും കഴിഞ്ഞു. ഈ ഗവണ്മെന്റ് ഒരു കർഷകപക്ഷ ഗവണ്മെന്റാണെന്ന് കേരളത്തിലെ കർഷകർക്ക് 9 മാസം കൊണ്ട് ബോധ്യപ്പെട്ടു.. അടുത്ത വർഷം ഹരിത വർഷമായി ആചരിക്കാൻ ഈ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുകയാണ്.

പച്ചക്കറി, മുട്ട, പാൽ എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുംവിധത്തിലുള്ള പ്രവർത്തനങ്ങളുമായി ഗവണ്മെന്റ് മുന്നോട്ടു പോവുകയാണ്.

ശ്രീ. രാജു എബ്രഹാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആരോഗ്യ സംരക്ഷണ പദ്ധതി, ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകുന്ന പദ്ധതി, പതിനായിരത്തോളം ഭൂരഹിതരായ കൃഷിക്കാർക്ക് ഭൂമിയും വീടും നൽകുന്ന പദ്ധതി, 25,000–ത്തോളം ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി തുടങ്ങി വ്യത്യസ്തങ്ങളായ നിരവധി പദ്ധതികൾ ഈ സംസ്ഥാനത്ത് നടപ്പാക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ നയപ്രഖ്യാപനപ്രസംഗം നടത്തിയിരിക്കുന്നത്. പാവപ്പെട്ട സ്ത്രീകളുടെ വിവാഹച്ചെലവ് നിർവ്വഹിക്കാൻ 4 ശതമാനം പലിശ നിരക്കിൽ വായ്പ കൊടുക്കുന്ന ഒരു പുതിയ പദ്ധതിയും ഇവിടെ വരികയാണ്. 2010–ഓടുകൂടി കേരളത്തിൽ എല്ലാപേർക്കും പാർപ്പിടം എന്ന നിലയിൽ 100 ജൈവ ഗ്രാമങ്ങൾ, നെൽക്കൃഷി പ്രോൽസാഹിപ്പിക്കാനുള്ള പദ്ധതി, വിലക്കയറ്റം പിടിച്ചുനിർത്താൻ സബ്സിഡി കൂടുതൽ കൊടുത്തുകൊണ്ടുള്ള പദ്ധതികൾ, ടെക്നോ പാർക്ക് സിറ്റിയും ഇലക്ട്രോണിക് ഹബ്ബും അടക്കമുള്ള സംവിധാനങ്ങൾ എന്നിവ സംസ്ഥാനത്ത് കൊണ്ടുവരാനുള്ള കാഴ്ചപ്പാടോടുകൂടിയ ഗവണ്മെന്റിന്റെ നയങ്ങളാണ് ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. ചന്ദന മോഷണം കുറയ്ക്കാനും അനധികൃത ചന്ദന ഫാക്ടറികളെ നിയന്ത്രിക്കാനും ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ഡോക്ടർമാരില്ലാത്ത സർക്കാർ ആശുപത്രികളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. സ്മാർട്ട് സിറ്റി സംബന്ധിച്ചുള്ള ചർച്ചകൾ അന്തിമഘട്ടത്തിലെത്തി. കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഓരോ

നിയോജകമണ്ഡലത്തിലും മൂന്ന് സഹകരണ മാർക്കറ്റുകൾ ആരംഭിച്ചു. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ അതിശക്തമായി ഇടപെട്ടു. വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കി. രണ്ട് വർഷംകൊണ്ട് എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് മുഴുവൻ വൈദ്യുതി നൽകുന്നതിനുള്ള പദ്ധതി കൊണ്ടു വന്നു. കേന്ദ്രത്തിൽ നിന്നും കേരളത്തിന് അർഹമായ പ്രാതിനിധ്യം നേടിയെടുക്കുന്നതിന് കേന്ദ്രത്തിൽ കേരളത്തിന്റെ ചുമതലയുള്ളവരുടെ അർഹമായ ഇടപെടലുണ്ടാകണം. ടൂറിസം മേഖലയിലും ചുരുങ്ങിയ സമയംകൊണ്ട് വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. കേരളത്തിന്റെ ക്രമസമാധാനനില മെച്ചപ്പെടുത്താൻ കഴിഞ്ഞു. നിരവധി വ്യവസായങ്ങളെ ലാഭത്തിലെത്തിക്കാനും, അടച്ചുപൂട്ടിയ ഫാക്ടറികൾ തുറക്കാനും കഴിഞ്ഞിട്ടുണ്ട്. കാർഷിക കടംമൂലമുള്ള കൃഷിക്കാരുടെ ആത്മഹത്യ നിയന്ത്രിക്കാൻ സാധിച്ചു. അഴിമതി നടത്തുന്ന വകുപ്പുകളെക്കുറിച്ച് അന്വേഷിക്കുകയും പത്തനംതിട്ടയിൽ ഒരു പുതിയ സെൻട്രൽ ജയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>പ്രൊഫ. കെ. വി. തോമസ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നത് കാർഷിക മേഖലയ്ക്കാണ്. വരുന്ന 25 വർഷക്കാലത്തെ ഇന്ത്യയുടെ മുന്നോട്ടുള്ള പ്രയാണത്തിന് കാർഷികമേഖലയ്ക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് കർഷക കടാശ്വാസത്തിനുവേണ്ടി ഡോ.രാധാകൃഷ്ണൻ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ബൃഹത്തായ ഒരു സ്കീമിന് രൂപം കൊടുക്കുകയും

ചെയ്തിട്ടുണ്ട്. കേരളത്തിന് അനുകൂലമായൊരു ബഡ്ജറ്റാണ് കേന്ദ്രഗവണ്മെന്റ് ഈ വർഷം അവതരിപ്പിച്ചത്. അതിലുൾപ്പെടുത്തിയിട്ടുള്ള സഹായങ്ങൾ കേന്ദ്രത്തിൽ നിന്ന് വാങ്ങിയെടുക്കാൻ കഴിയണം. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതിയിലൂടെ 40,000 കോടിയോളം രൂപ വിവിധ പ്രോജക്ടുകൾക്കായും ഹെൽത്ത് സെന്ററുകളുടെ വികസനത്തിനായും മാറ്റി വച്ചിട്ടുണ്ട്. എന്നാൽ ഈ മാർച്ച് മാസത്തിനുള്ളിൽ അതിലേയ്ക്കുള്ള പ്രോജക്ടുകൾ കേന്ദ്രത്തിൽ സമർപ്പിക്കണമെന്നിരിക്കേ അതിനാവശ്യമായ യാതൊരു നടപടിയും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. അവധാനതയോടുകൂടി ഗവണ്മെന്റ് ഈ സ്കീമുകളെ കാണണം. കേന്ദ്രാനുമതി ലഭിച്ച ഇടുക്കി സുഗന്ധവ്യഞ്ജന പാർക്കും തോട്ടം മേഖലയിലെ 6,000 കോടി രൂപയുടെ പദ്ധതികളും സമയബന്ധിതമായി നടപ്പാക്കണം. 2006 ഏപ്രിൽ മാസത്തിൽ നഗരവികസന പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് പ്രോജക്ട് തയ്യാറാക്കാനോ ആ ധനസഹായം വാങ്ങിയെടുക്കാനോ സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. ഐ.ഐ.ടി. നിലവാരത്തിലേയ്ക്ക് ഉയർത്താനായി അനുവദിച്ച 500 കോടി രൂപ നേടിയെടുക്കാൻ ശ്രമിക്കാതെ കൊച്ചിൻ യൂണിവേഴ്സിറ്റിയെ രാഷ്ട്രീയവൽക്കരിച്ച് സിൻഡിക്കേറ്റ്പോലും കൂടാൻ അനുവദിക്കാത്ത സ്ഥിതിയാണ് ഈ ഗവണ്മെന്റ് സൃഷ്ടിച്ചിരിക്കുന്നത്. നിക്ഷേപകരെ ഓടിക്കുന്ന സ്ഥിതിയിൽ നിന്ന് മാറി നിക്ഷേപകരെ ആകർഷിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് വേണ്ടത്. യു.ഡി.എഫ്. ഗവണ്മെന്റ് ഭരിച്ചിരുന്ന അഞ്ച് വർഷക്കാലം എ.ഡി.ബി. വായ്പ വാങ്ങുന്നതിനെ കുറ്റം പറഞ്ഞവർ ഇന്ന് എ.ഡി.ബി. വായ്പ വാങ്ങാനൊരുങ്ങുകയാണ്.

ഇനിയെങ്കിലും എൽ.ഡി.എഫ്.–ന് വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടുണ്ടാകണം. . ഏകദേശം 12,000 കോടി രൂപയാണ് കേരളത്തിലെ പബ്ളിക് സെക്ടറിനായി കേന്ദ്രം അനുവദിച്ചിട്ടുള്ളത്. വർഗ്ഗീയ ശക്തികൾക്കെതിരായി നീങ്ങാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനു മാത്രമേ കഴിയുകയുള്ളൂ. സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായി ഒറ്റക്കെട്ടായി നീങ്ങാൻ പ്രതിപക്ഷം തയ്യാറാണ്.

സഭ വൈകുന്നേരം 4.40–ന് പിരിഞ്ഞു.

* * * * * * * * * *